# കുരുന്നുകൂട്ടം

G H S S KODUVALLY



# G H S S KODUVALLY

## KOZHIKODE



# എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

അഖിന കെ പി

ഫാത്തിമ മെഹജബിൻ

അനുഷിമ കെ കെ

നന്ദന വിജയൻ എൻ കെ

റിഫാ ഫാത്തിമ

ആയിഷതൻഹ

ഫാത്തിമ  ഷെറിൻ

സജാ മിൻഹ

റിഫാ തമന്ന

മിന ഫാത്തിമ

# താളുകളിലൂടെ.....

എഡിറ്റോറിയൽ ബോർഡ്അംഗങ്ങൾ ..........4
ആമുഖം..........6
സന്ദേശം..........7
अभिवादन
സന്ദേശം..........8
കാത്തിരിപ്പിന്റെ നിമിഷം..........10
Mahathma Gandhi..........12
The Little kites preliminary camp..........13
The Moon..........14
മഞ്ഞ് പെയ്യുന്ന ഹിമാലയൻ മലനിരകളിലൂടെ..........16
Albert Einstin..........27
വെളിച്ചം..........30
Jungle Book..........33
ശൂന്യതയിൽ നിന്ന്..........34
A Precious Treasure..........36
My Experience..........37
Electronic Device..........38
Charles Babbage..........39
Kalam..........40
അഭിമുഖം..........41
Google..........43
William shakespeare..........44
Computer..........45
छात्र और अंतरजाल..........47
മഴത്തുള്ളികൾ..........49
Information of Technology..........50
അമ്മ തൻ സ്നേഹം..........52
ഓർമ്മ..........53
കുട്ടിക്കാലം..........54
മഴ..........55
Quotes of Mahathma Gandhiji..........56
മഴക്കാലം..........65
കാത്തിരിപ്പ്..........66
നിശാദംഗി..........68
അഭിമുഖം..........69
മനുഷ്യ ജീവിതത്തിൽ സമൂഹമാധ്യമങ്ങൾ..........70
അടൽ തിങ്കറിങ് ലാബ്..........73
അഭിമുഖം..........77
ലിറ്റിൽ കൈറ്റ്സ് 2023..........79
ചിത്രങ്ങളിലൂടെ..........87
ലിറ്റിൽ കൈ അംഗങ്ങൾ..........93
നന്ദി..........94

# ആമുഖം

കളിയേയും കലാകാരന്മാരെയും എന്നും നെഞ്ചേറ്റി വളർത്തിയ കൊടുവള്ളിയുടെ സാംസ്കാരിക കേന്ദ്രമാണ് ജി എച്ച് എസ് എസ് കൊടുവള്ളി എന്ന ഞങ്ങളുടെ സ്കൂൾ. ഇവിടുത്തെ പിഞ്ചുമനസ്സുകൾക്ക് ഏറെ പറയാനുണ്ട്--
നോവുകൾ, കനവുകൾ, പിന്നിട്ട കനൽ വഴികൾ കീഴടക്കിയ കൊടുമുടികൾ ,ഇനിയും താണ്ടാനിരിക്കുന്ന വിജയ പാതകൾ.... അങ്ങനെയങ്ങനെ പലതും.

കാലം മാറുകയാണ്. ഒപ്പം എഴുത്തിന്റെയും വായനയുടെയും രീതികളും.

കൈത്തണ്ടയിൽ പകർത്തിയ മഷി പ്പച്ച പോലെ ഹൃദയത്തിൽ നിന്ന് ഒഴുകുന്ന അക്ഷരങ്ങൾ കവിതകളായും കഥകളായും ചിത്രങ്ങളായും പകർത്തി വച്ചിരിക്കുന്ന ഈ ഡിജിറ്റൽ മാഗസിൻ-- കുരുന്നുകൂട്ടം -- നിങ്ങൾക്കായി ഞങ്ങൾ സമർപ്പിക്കുന്നു.

ഹൃദയപൂർവ്വം സ്വീകരിക്കുമല്ലോ...

# സന്ദേശം



സ്വപ്ന നഗരിയ്ക്ക് തിലക ചാർത്തായി മാറിയ കൊടുവള്ളി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ അണിയിച്ചൊരുക്കിയ ഇ മാഗസിൻ കെട്ടിലും മട്ടിലം ഉന്നത നിലവാരം പുലർത്തിയിട്ടുണ്ട് ധാരാളം പരിമിതികള്ളടെ മധ്യത്തിലും അധ്യാപകരും കുട്ടികള്ളം നടത്തുന്ന പ്രയത്നങ്ങൾ അഭിനന്ദനാർഹം തന്നെയാണ് ഇതിന് പിന്നിൽ പ്രയത്നിച്ച എല്ലാവരെയും ആത്മാർത്ഥമായി അഭിനന്ദിക്കുന്നു കൂടുതൽ ഉയരങ്ങൾ താണ്ടാനുള്ള ചവിട്ടുപടിയായി ഇത് മാറട്ടെ എന്ന് ആശംസിക്കുന്നു.

അസീസ് ടി
ഹെഡ്മാസ്റ്റർ
ജി എച്ച് എസ് എസ് കൊടുവള്ളി

# अभिवादन



नमस्कार

आज नव माध्यमो का ज़माना है!इसके ज्ञान के बिना आज जीना दूबर है!जो व्यक्ति यह सब अपनाते हुए जीता है वो सफल बन जाता है!हमारे कोदुवल्ली हाई स्कूल में लिटिल कायट्स जो डिजिटटल पत्रिका तैयार हो रहा है, इसकेलिए मेरी दिली शुभ कामनायें

संतोष. के. टी
हिंदी अध्यापक
जी. एच. एस. एस. कोदुवल्ली

## സന്ദേശം



23 _24 വർഷത്തെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ഒരുക്കുന്ന മാഗസിന് പിന്നിൽ പ്രവർത്തിച്ച അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ആശംസകൾ അർപ്പിക്കുന്നു.

രമേശൻ പി പി
HST മലയാളം

# 2002 - 25 ബാച്ച് അംഗങ്ങൾ



# കാത്തിരിപ്പിന്റെ നിമിഷം

"പ്രഭാതത്തിൽ ഞാൻ തുറന്ന എന്റെ കണ്ണുകൾ അത് നൊമ്പരിപ്പിക്കുന്ന കാഴ്ചകളിലേക്ക് എന്നെ നയിച്ചു. ഇത്രനാൾ ഞാൻ സ്നേഹിച്ചു പരിപാലിച്ച എന്റെ സുഹൃത്തായ കുഞ്ഞിക്കിളി എന്നെ വിട്ട് പോയിരിക്കുന്നു. ഞാനൊരു ദിവസം പറമ്പിൽകൂടെ നടന്നുകൊണ്ടിരുന്ന സമയം മനോഹരമായ കുഞ്ഞിക്കിളി മുറിവേറ്റ് പുളയുന്നത് കണ്ടു എന്റെ മനസ്സ് അതിനെ അവിടെ ഉപേക്ഷിച് പോവാൻ അനുവദിച്ചില്ല. ഞാൻ അതിനെ എടുത്ത് എന്റെ വീട്ടിൽ കൊണ്ടുപോയി ശുശ്രൂഷിച്ചു. ഞാൻ കരുതി കിളിയുടെ അമ്മ അന്വേഷിച് വരുമെന്ന്. എന്നാൽ അങ്ങനെ സംഭവിച്ചില്ല. ഞാൻ കുഞ്ഞി കിളിയോട് ചോദിച്ചു: നിന്റെ അമ്മ എന്താ നിന്നെ അന്വേഷിച്ചു വരാത്തത്!കുഞ്ഞി കിളി ഒന്നും മിണ്ടിയില്ല. അങ്ങനെ ഞങ്ങൾ കളിച്ചും രസിച്ചും വർഷങ്ങൾ പിന്നിട്ടു. അന്ന് ഒരു പ്രഭാതത്തിലാണ് ഈ സംഭവം ഞാൻ കണ്ടത്. ഈ ദൃശ്യത്തിൽ ഞാൻ തളർന്നു പോയിരുന്നു. എന്നിരുന്നാലും എന്നെങ്കിലും ഒരു ദിവസം കുഞ്ഞിക്കളി എന്റെ അടുക്കൽ വരുമെന്ന് എനിക്ക് ഉറപ്പുണ്ട്.



അതിനുവേണ്ടി ഞാൻ എത്ര കാലം വരെയും കാത്തിരിക്കും. ഇന്നും എനിക്ക് ആ മരത്തെയും കൂടിനെയും കാണുമ്പോൾ എനിക്ക് ദുഃഖം തോന്നും. കുഞ്ഞിക്കിളി എന്നോട് അങ്ങനെ ചെയ്യുമെന്ന് ഞാൻ ഒരിക്കലും ചിന്തിച്ചിട്ടുണ്ടായിരുന്നില്ല. എത്രയും പെട്ടെന്ന് കുഞ്ഞിക്കിളി തിരിച്ചു വരട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

അങ്ങനെ വീണ്ടും ഒരുപാട് വർഷങ്ങൾക്ക് ശേഷം എന്റെ കൊച്ചു കിളി എന്നെ കാണാൻ വന്നു. ഞാൻ കുഞ്ഞിക്കിളിയോട് ചോദിച്ചു നീ ഇത്രനാൾ എവിടെയായിരുന്നു. കുഞ്ഞിക്കിളി എന്നോട് പറഞ്ഞു ഞാൻ ദേശാടനം നടത്താൻ പോയതായിരുന്നു ഞാൻ കുഞ്ഞി കിളിയോട് പറഞ്ഞു എന്നോട് ഒരു വാക്ക് പറഞ്ഞിട്ട് പോകാമായിരുന്നു എന്ന് കുഞ്ഞിക്കിളി പറഞ്ഞു ഞാൻ വീണ്ടും പോവും എന്നേ ഓർത്ത് വിഷമിക്കേണ്ടതില്ല. ഞാൻ യാത്രയെ പറ്റി ഒരുപാട് പറഞ്ഞു രസിച്ചു. കുഞ്ഞിക്കിളി വന്നതോടെ എന്റെ ജീവിതം പിന്നെയും മനോഹരമാവാൻ തുടങ്ങി. ഒരിക്കൽ ഞങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഞാൻ ചോദിച്ചു നിനക്ക് എല്ലാ.സുഖസൗകര്യങ്ങളും ഞാൻ തരുന്നില്ല പിന്നെ നീ എന്തിനാ പുറത്ത് ദേശാടനം നടത്താൻ പോകുന്നത്. കിളി പറഞ്ഞു ഞാൻ ശരിക്കും പുറത്ത് ജീവിക്കേണ്ടതാണ് അതുകൊണ്ട് ഞാൻ ഇടയ്ക്ക് പുറത്ത് പോകുന്നത്.എന്നാൽ നീ പുറത്ത് പൊയ്ക്കോ. എപ്പോഴെങ്കിലും നീ എന്റെ അടുത്ത് വന്നാൽ മതി. അങ്ങനെ കുഞ്ഞിക്കിളി പുറത്ത് പോയി. എനിക്ക് പിന്നെയും ദുഃഖം വന്നു. എന്നിരുന്നാലും ഞാൻ കുഞ്ഞിക്കിളിക്ക് വേണ്ടി കാത്തിരിക്കും... കുഞ്ഞിക്കിളി തിരികെ വരാനും ഒന്നും സംഭവിക്കാതിരിക്കാനും ഞാൻ എന്നും പ്രാർത്ഥിക്കും.

അൽന എൻ പി

7 ഡി

# MAHATMA GANDHI

Mahatma gandhi is known as father of the nation. His real name was mohandas karamchand gandhi. He was born on October 2nd 1869 in the state of gujarat in the town named porbandar.Who has added the name mahatma due to their work.

Gandhi is also known as bapu.Gandhi was the biggest and great patriotic in inda.His father's name was karamchandh Gandhi. His mother was putlibai.Kasturba gandhi was his wife married on 1883.After completing the matriculation, he went to london for further studies."The story of my experiments with truth" is the autobiography of gandhi, covered his life from childhood through to 1921.This was published in his journal Navjivan.

"Non_Violence is the main weapon of gandhi against independence,He inspired civil rights and freedom across the world.So 15th june 2007 the united nations general assembly voted to established 2nd October as the international day of Non_Violence.

Mahatma Gandhi has done his law in England and returned to india in 1893.Gandhi always believes that the education is the most powerful weapon in this world for the new generation to achieve fundamental Rights.After his degree,he started his career as a lawyer.

The social life of mahatma Gandhi began in south africa,and he faced many problems.

Mahatma gandhi once said, " The future depends on what yo do today." We can't predict our future, but we can take a step today.Mahatma Gandhireturned to india in 1915.

He became very popular as a father of the nation.As a part of the independence struggle,Gandhi launched many important movements such as kheda satyagraha,Champaran Satyagraha,Salt Satyagraha, Non-co-operation, civil disobedience, and quit india movement. Gandhi died on January 30th 1948.Godse shooted gandhi when he was getting from Birla House Prayer in delhi.

RIFA FATHIMA
9D

# The Little Kites Preliminary Camp

The Little Kites Preliminary camp for grade 8th was conducted on September 19, 2023 at GHSS Koduvally. The camp started at 10 in the morning and was conducted but Miss Firdous Banu and Miss Reesha of the school. The inaugural ceremony was lead by ms Geetha P, the head mistress of GHSSKDY. The camp was lead by Sir Ashraf from MJ higher secondary school and sir Musthafa from Pannur higher secondary school.

The main facts that we had learned from the camp were about the importance of Little Kites and the duties bound to an LK student. They introduced many new softwares and hardwares, giving us the clear idea of them. Softwares like Scratch, MIT App Inventor etc were some of them. Knowing these things made us happy because they were very interesting. There is also another reason we were excited. It was playing the games they prepared for us. We were provided with tea and snacks fro break. The break was fun and we felt more energetic after that. We learnt how to open scratch;
Application>program>scratch
And also to open the MIT App Inventor;
Application>program>MIT App Inventor.
In the afternoon we had a warm up session. A member sang a beautiful song too. The camp was done by 4 in the evening. I am looking forward to participate in more camps like this.

Muhammed Ajlan VIII B

# THE MOON

*In the vast expanse of the celestial sphere,*
*A symbol of goodness does appear,*
*The moon, a guide amidst the night,*
*Shining its glow with tranquil might.*

*A solitary soul amid dark clouds,*
*A beacon of hope that freely shrouds,*
*With beams of light so pure and bright,*
*Dispelling shadows, banishing the blight.*

*The moon, a symbol of goodness it gleams,*
*Against the backdrop of nightmarish dreams,*
*Evil may try to obscure its face,*
*But goodness prevails, leaving no trace.*
*Sometimes the dark clouds do prevail,*

*Casting shadows, seeking to assail,*
*But the moon, steadfast, does not falter,*
*For goodness is its eternal charter.*
*Though briefly hidden, it does not wane,*
*Gathering strength, it shall reclaim,*
*Its rightful place among the stars,*
*Dispelling darkness, healing scars.*

*For evil cannot possess the light,*
*That the moon brings with all its might,*
*Rejuvenated, it returns anew,*
*With radiant energy, strong and true.*

*So let us remember, when shadows loom,*
*The moon, a symbol of goodness in bloom,*
*It guides us through life's darkest night,*
*A reminder that goodness will always ignite*

*Amani Ameeen*
*9C*

# മഞ്ഞ് പെയ്യുന്ന ഹിമാലയൻ മല നിരകളിലൂടെ....



ഡോ. ആസിഫ കെ പി
എച്ച് എസ് ടി നാച്ചുറൽ സയൻസ്.

## Kedarkantha Winter Expedition 2021....

യാത്രകൾ എന്നും ഒരു ഹരമായിരുന്നു. എന്നാൽ ലോകത്തെ മുഴുവൻ വീടുകളിൽ അടച്ചിട്ട കോവിഡ് കാരണം കഴിഞ്ഞ രണ്ടുവർഷമായി എല്ലാവരെയും പോലെ എനിക്കും കാര്യമായി എവിടെയും പോകുവാൻ കഴിഞ്ഞിരുന്നില്ല. മഹാമാരി ഒന്നടങ്ങി എന്ന് പറഞ്ഞു പല സഞ്ചാരികളും തലപൊക്കി തുടങ്ങിയ കാലം... ഞാനും എൻറെ പ്രിയതമനോട് പറഞ്ഞു... നമുക്കൊരു ഹിമാലയൻ യാത്ര പോയാലോ... പറഞ്ഞപ്പോൾ തന്നെ സംഗതി ക്ലിക്കായി... പക്ഷേ പുതുതായി കിട്ടിയ ജോലി ഒരു പാര ആകുമോ എന്നൊരു സംശയം ഇല്ലാതില്ല. എങ്കിലും സംശയങ്ങളെല്ലാം തന്നെ കൈയാലപ്പുറത്ത് കയറ്റിവെച്ച് രണ്ടും കൽപ്പിച്ച് പറഞ്ഞു, എന്തുവന്നാലും വേണ്ടില്ല ഹിമാലയൻ യാത്ര






തന്നെ മുഖ്യം. ഹിമാലയ മലനിരകളിലൂടെയുള്ള യാത്ര എവിടേക്കാണെന്ന് ചോദ്യത്തിന് ഉത്തരം കിട്ടാൻ കൂടുതൽ ചിന്തിക്കേണ്ടി വന്നില്ല.. "കേദാർ കാന്താ ട്രക്കിംഗ്" ഉറപ്പിക്കാൻ കൂടുതൽ സമയം വേണ്ടി വന്നില്ല.

പിന്നീടുള്ള ഒരാഴ്ച കാലം ഞങ്ങൾ രണ്ടുപേരും ഗൂഗിൾ അമ്മാവൻറെ കൂടെ തന്നെ. വളരെ പെട്ടെന്ന് തന്നെ മുഴുവൻ പ്ലാനിങ്ങും ബുക്കിങ്ങും പൂർത്തിയായി. ഇത്തവണത്തെ യാത്രയും യൂത്ത് ഹോസ്റ്റൽ അസോസിയേഷൻ ഓഫ് ഇന്ത്യ (YHAI) യുടെ കൂടെ തന്നെ. YHAI യുടെ സൈറ്റിൽ കയറി വളരെ പെട്ടെന്ന് തന്നെ നമ്മുടെ സ്ഥാനം ഉറപ്പിച്ചു. 2021 ഡിസംബർ 21 മുതൽ 28 വരെ എട്ടു ദിവസത്തെ ട്രക്കിംഗ്.

മസ്സൂരിയിൽ നിന്നു തുടങ്ങി മസ്സൂരിയിൽ അവസാനിക്കുന്ന യാത്രയിൽ ഒരാൾക്ക് ഉള്ള ചെലവ് 9000 രൂപ. അവരുടെ നിർദ്ദേശപ്രകാരം ഡിസംബർ 21ന് ഉത്തരാഖണ്ഡിലെ മസ്സൂരിയിൽ റിപ്പോർട്ട് ചെയ്യണം.

അതിനു വേണ്ടി ഡിസംബർ 19ന് ഫസ്റ്റ് ഫ്ലൈറ്റ് നമ്മുടെ നാട്ടിൽ നിന്ന് ഡൽഹിക്ക്, അന്ന് തന്നെ ഡൽഹിയിൽ നിന്ന് ട്രെയിൻ വഴി ഡെറാഡൂൺ ലേക്ക്. ഒരു ദിവസം മുഴുവൻ അവിടെ. അടുത്ത ദിവസം റിപ്പോർട്ടിങ്ങിന് റോഡ് വഴി മസ്സൂരിയിലേക്ക്. ഡെറാഡൂണിൽ താമസത്തിനു വേണ്ടി സെൻട്രൽ ഗവൺമെൻറ് എംപ്ലോയീസിന്റെ ഗസ്റ്റ് ഹൗസും അപ്പോൾ തന്നെ ബുക്ക് ചെയ്തു. ശടപട എന്നുപറഞ്ഞ് ബുക്കിംഗ് എല്ലാം വളരെ പെട്ടെന്ന് തന്നെ കഴിഞ്ഞു.



പിന്നീട് അങ്ങോട്ടുള്ള ദിവസങ്ങൾ സ്വപ്നലോകത്തായിരുന്നു. യൂട്യൂബ്, സോഷ്യൽ മീഡിയകളിലെ യാത്രാ ഗ്രൂപ്പുകൾ എന്നിവ വഴി നമ്മൾ നടത്താൻ പോകുന്ന ട്രക്കിങ്ങിനെ കുറിച്ച് വ്യക്തമായ ഒരു രൂപം മനസ്സിൽ നിറച്ചു സ്കൂളിൽ എന്നുവേണ്ട വീട്ടിൽ എന്ന് വേണ്ട രാത്രിയെന്നോ പകലെന്നോ ഇല്ലാതെ സമയം മുഴുവനും കേദാർ കാന്തയെ കുറിച്ചുള്ള അന്വേഷണങ്ങൾ ആയിരുന്നു.

തണുപ്പിനെ അതിജീവിക്കാൻ വേണ്ട അത്യാവശ്യ സാധനങ്ങളൊക്കെ ഡെക്കാത്ത്ലോണിൽ നിന്ന് വാങ്ങിച്ചു.

ബാഗ് പാക്കിംഗ് ആയിരുന്നു വലിയൊരു കടമ്പ YHAI യുടെ നിർദ്ദേശപ്രകാരം വലിയ ഒരു ലിസ്റ്റ് തന്നെ ഉണ്ടായിരുന്നു കൊണ്ടുപോകാൻ കൂടുതലും തണുപ്പിനെ അതിജീവിക്കാൻ വേണ്ടിയുള്ള സാധനങ്ങൾ. പോകുന്നതിന്റെ തലേദിവസം വരെ പാക്കിംഗ് തുടർന്നുകൊണ്ടേയിരുന്നു.കൂടെ ഒരുപാട് ആശങ്കകളും ഉണ്ടായിരുന്നു. കോവിഡ് കാലമായതിനാൽ RTPCR നിർബന്ധമായിരുന്നു തലേദിവസം ആ കടമ്പയും വളരെ വിജയകരമായി മറി കടന്നു.

ഒടുവിൽ ആഗ്രഹിച്ചു കാത്തിരുന്ന ആ സുദിനം വന്നെത്തി.

ഡിസംബർ 19 ആം തീയതി രാവിലെ 10 30 ന് കാലിക്കറ്റ് എയർപോർട്ട് വഴി ഡൽഹിയിലേക്ക് ഒന്നേ പത്തിന് ഡൽഹിയിൽ ഇറങ്ങി ഉടനെ തന്നെ ഓട്ടപ്പാച്ചിൽ ആയിരുന്നു റെയിൽവേ സ്റ്റേഷനിലേക്ക് 3.10 നു ഡെറാഡൂൺ ലേക്കുള്ള ട്രെയിൻ പിടിക്കണം. ഒരുവിധം ഓടിയെത്തി ട്രെയിൻ പിടിച്ചു. വഴികളിലെ മനോഹരമായ കാഴ്ചകൾ ആസ്വദിച്ച് രണ്ട് ഭാഗങ്ങളും കൃഷിയിടങ്ങൾ തിങ്ങി നിറഞ്ഞ വഴികളിലൂടെ സഞ്ചരിച്ച് എടുത്ത്പറയത്തക്ക ബുദ്ധിമുട്ടുകൾ ഒന്നും തന്നെ ഇല്ലാതെ തന്നെ രാത്രി 9 30ന് ഞങ്ങൾ ഡെറാഡൂൺ എത്തി. ട്രെയിനിൽ നിന്ന് പുറത്തേക്ക് ഇറങ്ങിയതും തണുത്ത് വിറക്കാൻ തുടങ്ങി. ടെമ്പറേച്ചർ 10 ഡിഗ്രി സെൽഷ്യസ്...

കൂടെ ഒരു ആശങ്കയും... ഇപ്പോഴേ ഇങ്ങനെ വിറക്കാൻ തുടങ്ങിയാൽ ഹിമാലയ മലനിരകൾ കയറാൻ പോകുന്ന ഞാൻ അവിടെ എത്തിയാൽ എന്തായിരിക്കും അവസ്ഥ. റെയിൽവേ സ്റ്റേഷനിലെ തൊട്ടടുത്ത തന്നെയായിരുന്നു നമ്മുടെ താമസസ്ഥലം നേരെ റൂമിലെത്തി ഫ്രഷായി ആഹാരം ഒക്കെ കഴിച്ച് പെട്ടെന്ന് തന്നെ ഉറങ്ങാൻ കിടന്നു. കിടന്നതേ ഓർമ്മയുള്ളൂ രാവിലെ നേരത്തെ തന്നെ ഉണർന്നു ഉടനെ നോക്കിയത് ടെമ്പറേച്ചർ ആണ് അഞ്ച് ഡിഗ്രി സെൽഷ്യസ്. ട്രക്കിങ്ങിന് മസ്സൂരിയിൽ റിപ്പോർട്ട് ചെയ്യേണ്ടത് അടുത്ത ദിവസമാണ് അതിനാൽ ഇന്നത്തെ ദിവസം ഋഷികേഷ് ഒന്ന് കറങ്ങി വരാം എന്ന് കരുതി രാവിലെത്തന്നെ ഞങ്ങൾ ബസിന്

ഋഷികേശിൽ എത്തി . ഏകദേശം ഒരു മണിക്കൂർ യാത്ര ഉണ്ടായിരുന്നു. ഗംഗാനദിയിൽ റിവർ റാഫ്റ്റിംഗ് ആയിരുന്നു പ്രധാന ലക്ഷ്യം. ഗംഗയിലൂടെ ഒരു ഉഗ്രൻ ബോട്ട് തുഴയൽ ...മോക്ഷം നൽകാൻ കൈലാസത്തിൽ നിന്നും ഒഴുകിയെത്തുന്ന പുണ്യ ഗംഗയുടെ മടിത്തട്ടിൽ ഭക്തിസാന്ദ്രമായ ഋഷികേഷ് ...ഹിമാലയ താഴ്വരയായ ഋഷികേശിലെ ഗംഗാനദിയിലൂടെ 16 കിലോമീറ്റർ റിവർ റാഫ്റ്റിംഗ്. ഭീമൻ മലയിടുക്കുകളിലൂടെയുള്ള വലിയ വലിയ പാറകൾക്കിടയിലൂടെ തിരമാലകളെ പോലും തോൽപ്പിക്കുന്ന കുത്തനെയുള്ള വളരെ ശക്തിയേറിയ ജലപ്രവാഹം.. അതിലൂടെ എട്ടുപേര് അടങ്ങുന്ന റാഫ്റ്റിംഗ് ബോട്ടിൽ സഞ്ചരിച്ച നിമിഷങ്ങൾ.... തുടക്കത്തിൽ പേടി കൊണ്ടാണോ തണുപ്പ് കൊണ്ടാണോ വിറച്ചതെന്ന് കൃത്യമായി അറിയില്ല വെള്ളത്തിലേക്ക് വീഴുമോ.... കേദാർകാന്തയിലേക്ക് എത്തില്ലേ.... വീണ്ടും ആശങ്കകൾ തന്നെ.... എങ്കിലും മുന്നോട്ടുവെച്ച കാലുകൾ പിറകിലേക്ക് ഇല്ല... ഇളകി മറിയുന്ന ചുഴികളിലൂടെ ബോട്ടിനെ ഒന്നാകെ ഇളക്കിമറിച്ചു കൊണ്ട് ഗൈഡിന്റെ നിർദ്ദേശപ്രകാരം നമ്മൾ തന്നെ സാഹസികമായി ബോട്ട് നിയന്ത്രിച്ചു.. മുന്നോട്ടു പോയപ്പോൾ കിട്ടിയ ആത്മവിശ്വാസം.... അനന്തകരമായ നിമിഷങ്ങൾ.... എത്ര തന്നെ വാക്കുകൾ ഉപയോഗിച്ചാലും പറഞ്ഞറിയിക്കാൻ കഴിയില്ല. 130-180 അടിയോളം താഴ്ച്ചയുണ്ടെന്ന് ഗൈഡ് പറഞ്ഞപ്പോൾ ഒന്ന് പതറിയെങ്കിലും ലൈഫ് ജാക്കറ്റിൽ 24 മണിക്കൂർ വരെ പൊങ്ങിക്കിടക്കും എന്ന് പറഞ്ഞപ്പോൾ സമാധാനമായി. അടിയൊഴുക്ക് കുറഞ്ഞ ഭാഗങ്ങളിൽ നമുക്ക് ബോട്ടിൽ നിന്നും ഇറങ്ങി നീന്താൻ അവസരം ഉണ്ടായി. ശരീരം മരവിച്ചു പോകുന്ന തണുപ്പാണ് ഗംഗ നദിയിലെ ജലത്തിനെങ്കിലും ആവേശം കൊണ്ട് ചാടി ഇറങ്ങി. 15 മിനിറ്റോളം വെള്ളത്തിൽ തന്നെ ആ സമയത്തൊന്നും തണുപ്പ് വലിയ പ്രശ്നമായി തോന്നിയില്ല. വെള്ളത്തിൽ നിന്ന് കയറിയപ്പോഴാണ് ശരിക്കും തണുപ്പ് മനസ്സിലായത്. കിടുകിടാ വിറയ്ക്കാൻ തുടങ്ങി.. താടിയെല്ലുകൾ കൂട്ടിയിടിക്കുകയാണ്.. ഒരു രക്ഷയുമില്ല... പുസ്തകങ്ങളിൽ വായിച്ചത് അല്ലാതെ ആദ്യമായാണ് ഇങ്ങനെയൊരു അനുഭവം. അവസാനഭാഗത്തായി തള്ളി നിൽക്കുന്ന വളരെ ഉയരമുള്ള പാറക്കെട്ടുകൾ ഉണ്ട് . അതിൻറെ ഏറ്റവും ഉയരത്തിൽ നിന്ന് നദിയിലേക്ക് ചാടുവാനും അവസരം ഉണ്ടായി. ശരീരം കോച്ചുന്ന തണുപ്പിൽ നിന്ന് ചെറിയൊരു ആശ്വാസം കിട്ടാൻ വേണ്ടി ആയിരിക്കണം ഇതിനോട് തൊട്ടടുത്തുതന്നെ നല്ല ചൂടൻ കോഫിയും നൂഡിൽസും ഉണ്ടായിരുന്നു. അതെല്ലാം അകത്താക്കി അടുത്ത ലക്ഷ്യത്തിലേക്ക് യാത്ര തുടങ്ങി. പുണ്യ ഗംഗയിലെ സാഹസിക അഭ്യാസങ്ങൾക്ക് ശേഷം നമ്മുടെ അടുത്ത ലക്ഷ്യം അഡ്വഞ്ചർ സ്പോർട്സ് ആയിരുന്നു. കൂടെ ഒരു ട്രാവലർ റൈഡും. അതിനുവേണ്ടി ഋഷികേശിൽ നിന്നും ഒരു സ്കൂട്ടർ വാടകയ്ക്ക് എടുത്ത് മോഹൻചട്ടി എന്ന സ്ഥലത്തേക്ക് യാത്ര തുടങ്ങി അവിടെയാണ് അഡ്വഞ്ചർ സ്പോർട്സിന്റെ കേന്ദ്രം. പ്രകൃതിരമണീയമായ കാഴ്ചകളും ആസ്വദിച്ച് 25 കിലോമീറ്റർ മലകൾ കയറിയിറങ്ങി അവസാനം അവിടെ എത്തി. ബംഗി ജമ്പിങ്, ജയന്റെ സ്വിങ്, ഫ്ലയിങ് ഫോക്സ് തുടങ്ങിയ പലതരത്തിലുള്ള അഡ്വഞ്ചർ സ്പോർട്സിനങ്ങളും ചെയ്യാനുള്ള സൗകര്യങ്ങൾ അവിടെ ഉണ്ടായിരുന്നു. വളരെയേറെ ആവേശത്തോടെ ബുക്കിംഗ് കൗണ്ടറിൽ എത്തിയെങ്കിലും വളരെ നിർഭാഗ്യകരം എന്ന് പറയട്ടെ നമ്മൾ എത്തിയപ്പോഴേക്കും അന്നത്തെ ബുക്കിങ് കഴിഞ്ഞിരുന്നു. വളരെയേറെ സങ്കടം ഉണ്ടായെങ്കിലും ഇനി പിന്നീട് എപ്പോഴെങ്കിലും ആകാം എന്ന് പറഞ്ഞ് ഋഷികേശിലേക്ക് തിരിച്ചു. ഋഷികേശിലെ പ്രധാന ആകർഷണങ്ങളായ രാംജൂല , ലക്ഷ്മൺ ജൂല എന്നീ രണ്ട് വലിയ പാലങ്ങൾ എല്ലാം കണ്ട് ഭക്ഷണവും കഴിച്ച് തിരിച്ച് ഡെറാഡൂണിലേക്ക് യാത്രയായി.



രണ്ടാമത്തെ ദിവസം ഉച്ചയ്ക്ക് ശേഷമാണ് നമുക്ക് ട്രക്കിങ്ങിന്റെ റിപ്പോർട്ടിംഗ് ക്യാമ്പ് ആയ മസൂരിലെത്തേണ്ടത്. അതിനാൽ ഉച്ചവരെ ഡെറാഡൂണിലെ പൂന്തോട്ടങ്ങൾ സഹസ്രധാര റോബേഴ്സ്കേവ് എന്നിവ സന്ദർശിച്ച ഉച്ചയോടെ റൂം ചെക്ക് ഔട്ട് ചെയ്തു ഒരു ക്യാബിനിമസൂരിയിലെ ക്യാമ്പിലേക്ക് യാത്ര

തിരിച്ചു.

ഡെറാഡൂൺ ടൗണിൽ നിന്നും 30km അകലെയാണ് മസൂറി. ഹിമാലയൻ സുന്ദരികളിലെ ഗർവാൾ മലനിരകളുടെ താഴ്വരയാണ് മസൂരി. ആരും ഇഷ്ടപ്പെടുന്ന ഒരു ഹിൽ സ്റ്റേഷൻ. മസൂരി ടൗൺ എത്തുന്നതിനു മുൻപാണ് നമ്മുടെ റിപ്പോർട്ടിംഗ് സെൻറർ ആയ യൂത്ത് ഹോസ്റ്റൽ. വൈകുന്നേരത്തോടുകൂടി ഞങ്ങൾ അവിടെ എത്തി റിപ്പോർട്ടിങ്ങിന്റെ കൂടെ മെഡിക്കൽ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള രേഖകളുടെ പരിശോധനയും ഉണ്ടായിരുന്നു. എല്ലാം കഴിഞ്ഞു നമ്മുടെ റൂം നമ്പറുകൾ പറഞ്ഞുതന്നു. സ്ത്രീകൾക്കും പുരുഷന്മാർക്കും വേറെ വേറെ ഡോർമെറ്ററികൾ ആയിരുന്നു. അവിടെ ചെന്ന് ഒരു ബെഡിൽ സ്ഥാനം പിടിച്ചു. വലിയ റൂമിൽ ഒരുപാട് ബെഡുകൾ ഉണ്ടായിരുന്നു ഒരു പെൺകുട്ടി മാത്രമാണ് അവിടെ ഉണ്ടായിരുന്നത് ഞാൻ പോയി കുറച്ചു കഴിഞ്ഞപ്പോൾ തന്നെ വേറെ മൂന്നുപേർ കൂടി വന്നു. അങ്ങനെ ഞങ്ങൾ അഞ്ച് പെണ്ണുങ്ങൾ. രാത്രി ഭക്ഷണത്തിനുശേഷം ട്രക്കിങ്ങിനെ കുറിച്ചും നമ്മൾ പാലിക്കേണ്ട കാര്യങ്ങളെക്കുറിച്ചും വരും ദിവസങ്ങളിലെ ക്യാമ്പിന്റെ ഷെഡ്യൂളുകളെ കുറിച്ചും ക്യാമ്പ് ലീഡർ വിശദീകരിച്ചു. എല്ലാം



കഴിഞ്ഞ് റൂമിലെത്തിയ ഞങ്ങൾ പരസ്പരം പരിചയപ്പെട്ടു വി



ശേഷങ്ങൾ പറഞ്ഞു സമയം പോയത് അറിഞ്ഞില്ല. [illegible]യോടെ ഞങ്ങൾ ഉറങ്ങാൻ കിടന്നു. രാവിലെ 7 മണിക്ക് തന്നെ ഉച്ചഭക്ഷണം ഒക്കെ പാക്ക് ചെയ്ത് ബേസ് ക്യാമ്പ് ആയ സാങ്ക്രി യിലേക്ക് യാത്ര ആരംഭിച്ചു. മഞ്ഞുപെയ്യുന്ന ഹിമാലയൻ താഴ്വരകളിലൂടെ, ഇതുവരെ കണ്ടിട്ടില്ലാത്ത കാഴ്ചകൾ തേടിയുള്ള യാത്ര..

മഞ്ഞിലെ സ്വർഗ്ഗമായ കെടാർകാന്തയിലേക്കുള്ള ട്രക്കിങ്ങിന്റെ ആദ്യ ദിവസത്തിന് തുടക്കമായി. മസൂരിൽ നിന്നും സാങ്ക്രിയിലേക്കുള്ള യാത്രയാണ് ഒന്നാം ദിവസം. ഞങ്ങൾ 36 പേരും ആയി രാവിലെ 7.30ന് തന്നെ ബസ് പുറപ്പെട്ടു. സമുദ്രനിരപ്പിൽ നിന്നും 6400 അടി മുകളിൽ സ്ഥിതിചെയ്യുന്ന സാൻക്രി മസൂറിയിൽ നിന്നും 153 കിലോമീറ്റർ അകലെയാണ്. ഹിമാലയ താഴ്വരകൾ വെട്ടി ഉണ്ടാക്കിയ ഇടുങ്ങിയ ഫ്ലാറ്റ് റോഡുകൾ ആയതുകൊണ്ട് തന്നെ കുറഞ്ഞ ദൂരം ആണെങ്കിലും ഏകദേശം 8 മണിക്കൂർ എടുത്തു സാൻഗ്രിയിൽ



എത്താൻ. ഉത്തരാഖണ്ഡ് സർക്കാരിന്റെ കുറഞ്ഞ ബസ്സുകളും പിന്നെ കാബുകളും മാത്രമാണ് ഇവിടെ സർവീസ് നടത്തുന്നത്. അത്രയും മനോഹരമായ കാഴ്ചകളാണ് യാത്രയിൽ ഉടനീളം. മാറിമാറി വരുന്ന ഭൂപ്രകൃതി.. തട്ട് തട്ടായ കൃഷിയിടങ്ങൾ.. അതിനിടയിലൂടെ ഒഴുകുന്ന സുന്ദരിയായ നദി.. അതിനോട് അടുത്തായി വിരലിലെണ്ണാവുന്ന അത്രയും ചെറിയ ചെറിയ വീടുകൾ... ഇതെല്ലാം കണ്ട് ഞങ്ങൾ യാത്ര തുടർന്നു. കുറച്ചുകഴിഞ്ഞപ്പോൾ നിറയെ നിരനിരയായ പൈൻ മരങ്ങളുടെ കാടുകൾ ആയിരുന്നു. ഏഷ്യയിലെ തന്നെ ഏറ്റവും വലിയ പൈൻമരക്കാടുകൾ ഇവിടെയാണത്രേ സ്ഥിതി ചെയ്യുന്നത്. പോകുന്ന വഴിയിൽ മോറി എന്ന പട്ടണത്തിന് അടുത്തുള്ള നദിക്കരയിൽ വണ്ടി നിർത്തി. ഞങ്ങൾ ഉച്ച ഭക്ഷണം കഴിച്ചു. ഈ പട്ടണത്തോട് ചേർന്നൊഴുകുന്ന സുന്ദരിയായ ടോൺസ് നദി കണ്ടാലും കണ്ടാലും മതി വരില്ല. ദൂരെ നിന്ന് നോക്കുമ്പോൾ നല്ല പച്ച കളർ ആയിരുന്നു. പാറകൾ നിറഞ്ഞ നദിയിലൂടെ വെള്ളം ഒഴുകുന്നത് കാണാൻ തന്നെ ഒരു പ്രത്യേക ഭംഗിയായിരുന്നു. ഒരുപാട് സമയം ടോൺസ് നദിയുടെ ഭംഗി ആസ്വദിച്ച്... ഒരുപാട് ഫോട്ടോ ഒക്കെ എടുത്ത് അവസാനം ഞങ്ങൾ വീണ്ടും യാത്ര തുടർന്നു. രാവിലെ



തുടർന്ന് യാത്രയായതുകൊണ്ട് നല്ല ക്ഷീണം ഉണ്ടെങ്കിലും ഒരു പോള കണ്ണടയ്ക്കാൻ തോന്നിയില്ല. കാരണം കണ്ണടച്ചു പോയാൽ ആ സ്ഥലങ്ങളിലുള്ള കാഴ്ച മിസ്സ് ആകുമല്ലോ എന്നുള്ള വിഷമം ആയിരുന്നു. അവസാനം വൈകുന്നേരം 4 മണിയോടെ സാങ്ക്രിയിലെ YHAI ബേസ് ക്യാമ്പിലെത്തി. ഉത്തരാഖണ്ഡിലെ അവസാന ഗ്രാമമാണ് സാൻക്രി. ഒരു കുഞ്ഞു ഗ്രാമം.. ഗ്രാമവാസികളായി ആകെ 500ൽ താഴെ ആളുകൾ മാത്രം. സമുദ്ര നിരപ്പിൽ നിന്നും 6455 അടി ഉയരെ നിൽക്കുന്ന സാൻഗ്രി നിരവധി ട്രെക്കിങ്ങുകളുടെ ബേസ് ക്യാമ്പ് ആണ്. ഇപ്പോൾതന്നെ ഇവിടത്തെ ടെമ്പറേച്ചർ 7 ഡിഗ്രി സെൽഷ്യസ് ആണ്. ഫോണിൽ നെറ്റ് വർക്ക് കവറേജ് ഇല്ല. ഇനി നാലു ദിവസം ഇതാണ് അവസ്ഥ. മുഴുവൻ സമയവും പ്രകൃതിയോടു ഇണങ്ങി ചേർന്ന് ഇനിയുള്ള ദിവസങ്ങൾ.... അവിടെ നിറയെ നിരവധി ട്രക്കിംഗ് ഗ്രൂപ്പുകളുടെ ടെന്റുകളും ചെറിയ ചെറിയ റൂമുകളും ആയിരുന്നു. ഞങ്ങൾ നേരെ ക്യാമ്പിൽ ചെന്നു. അവിടെയെത്തി ഉടൻതന്നെ നമ്മുടെ ഗൈഡും കാശ്മീർ നിവാസിയുമായ ഗുൽസാർ എല്ലാ രേഖകളും പരിശോധിച്ച ശേഷം അഡ്മിഷൻ കാർഡ് നൽകി. ഞങ്ങൾ പെണ്ണുങ്ങൾ

അഞ്ചുപേർക്കുമായി ഒരു ടെന്റ് ലഭിച്ചു. ബ്ലാങ്കറ്റ്, സ്ലീപ്പിങ് ബാഗ്, ട്രെക്കിങ് ബാഗ് എല്ലാം ഓരോരുത്തർക്കായി വിതരണം ചെയ്തു. സാധനങ്ങൾ എല്ലാം എടുത്ത് ഞങ്ങൾ ടെൻഡിലേക്ക് പോയി. ആദ്യമായാണ് ടെൻ്റിനുള്ളിൽ താമസിക്കുന്നത്. ഞങ്ങൾ എല്ലാവരും വളരെയധികം എക്സൈറ്റഡ് ആയിരുന്നു. ചായ കുടിച്ചതിനുശേഷം അവിടെയൊക്കെ ചുറ്റിക്കണ്ട് ട്രക്കിങ്ങിന് വേണ്ട കുറച്ച് സാധനങ്ങളും കൂടെ വാടകയ്ക്ക് എടുക്കാൻ അവിടുത്തെ ഷോപ്പിൽ പോയി. റോഡിന് ഇരുവശവും ട്രക്കിംഗിന് ആവശ്യമായ സാധനങ്ങൾ വാടകയ്ക്ക് കൊടുക്കുന്ന ഷോപ്പുകൾ ആയിരുന്നു. അവിടെനിന്ന് നമുക്ക് അത്യാവശ്യം വേണ്ട സാധനങ്ങൾ വാങ്ങി ടെൻ്റിലേക്ക് പോയി. ഇനിയുള്ള ദിവസങ്ങളിൽ കുളി ഒരു പേരു മാത്രമായിരിക്കും എന്നറിയാവുന്നതുകൊണ്ട് വേഗത്തിൽ തന്നെ അവിടുന്ന് നല്ലൊരു കുളിയൊക്കെ പാസാക്കി ഭക്ഷണം കഴിഞ്ഞ് എല്ലാവരും ഒരുമിച്ചു കൂടി. ട്രക്കിംഗ് ലീഡർ വന്ന് ട്രക്കിന്റെ ഷെഡ്യൂൾ കാര്യങ്ങളെല്ലാം വിശദീകരിച്ചു. അവിടെനിന്ന് എല്ലാവരെയും പരിചയപ്പെട്ടു. ഞങ്ങൾ രണ്ടുപേരെ കൂടാതെ തൃശൂർ നിന്നുള്ള അഞ്ചുപേരടങ്ങുന്ന

വേറെ ഒരു മലയാളി ടീമും കൂടെ ഉണ്ടായിരുന്നു. അവസാനം അടുത്ത ദിവസത്തെ പരിപാടികൾക്കായി രാവിലെ ഏഴുമണിക്ക് തന്നെ ഒത്തുകൂടാൻ ഉള്ള ഗൈഡിന്റെ നിർദ്ദേശപ്രകാരം എല്ലാവരും പിരിഞ്ഞ് ടെന്റുകളിലേക്ക് പോയി. ട്രക്കിങ്ങിന്റെ മൂന്നാം ദിവസം ആരംഭിച്ചു ഇന്നത്തെ പ്രധാന പരിപാടി ട്രെയിനിങ്ങും അക്കിളിമടൈ സേഷൻ



വ
ാക്കുമാണ്. ഇതിനുവേണ്ടി രാവിലെ 7 മണിക്ക് തന്നെ എല്ലാവരും തൊട്ട് താഴെയുള്ള റോഡിൽ ഒത്തുകൂടി. ഗൈഡ് നിർദ്ദേശം അനുസരിച്ച് 10:00 മണി വരെ പലതരത്തിലുള്ള വ്യായാമമുറകൾ പരിശീലിച്ചു ഓട്ടവും ചാട്ടവും ഒക്കെയായി സമയം പോയത് അറിഞ്ഞില്ല. ശരിക്കും ക്ഷീണിച്ചു പോയി. ഒരു ഒന്നൊന്നര ട്രെയിനിങ് ആയിരുന്നു. ഇതിനുശേഷം പ്രഭാത ഭക്ഷണവും കഴിച്ച് അക്ലി മെറ്റൈസേഷൻ വാക്കായിരുന്നു. ഒരു ഡെമോ മല കയറ്റം ....അതിനുവേണ്ടി ഏകദേശം അഞ്ച് കിലോഗ്രാം തൂക്കം വരുന്ന സാധനങ്ങൾ ബാഗിൽ നിറച്ച് അതും തൂക്കി 3 മണിക്കൂർ

മലകയറി പരിശീലനം. ആദ്യമൊക്കെ നല്ല രസമായിരുന്നു മലകയറ്റം. കുറച്ചു കയറിയപ്പോൾ കിതക്കാൻ തുടങ്ങി. ശരിക്കും പേടിച്ചുപോയ നിമിഷങ്ങൾ. ഇപ്പോഴേ ഇങ്ങനെ കിതക്കാൻ തുടങ്ങിയാൽ ഇനി മുകളിലേക്കുള്ള പോക്ക്. അത് ആലോചിച്ചപ്പോൾ ആവേശം ഒന്നുകൂടി കൂടി ...ഊർജ്ജം തിരിച്ചുപിടിച്ച് വീണ്ടും മലകയറാൻ തുടങ്ങി.. അങ്ങനെ അവർ ഉദ്ദേശിച്ച ഒരു സ്ഥലത്ത് എത്തിയപ്പോൾ അവിടുന്ന് ഒരു കട്ടൻ ചായയും കുടിച്ച് കുറച്ച് സമയം ഫോട്ടോസ് എല്ലാം എടുത്ത് തിരിച്ച് ഇറങ്ങാൻ തുടങ്ങി. ഏകദേശം മൂന്ന് മണി ആയപ്പോൾ എത്തി. ഉച്ച ഭക്ഷണം കഴിച്ചു വൈ കുന്നേരത്തോടെ കൂടി നാല് ദിവസത്തെ ട്രക്കിങ്ങിന് ആവശ്യമായ സാധനങ്ങൾ പാക്ക് ചെയ്യാൻ തുടങ്ങി. അത്യാവശ്യം വേണ്ട ഡ്രസ്സുകൾ തണുപ്പിനെ അതിജീവിക്കാൻ വേണ്ട സാധനങ്ങൾ കഴിക്കാനായി ചോക്ലേറ്റ് ഡ്രൈഫ്രൂട്ട്സ് എന്നിവയൊക്കെ എടുത്തുവച്ച് ബാഗ് റെഡിയാക്കി .ബാക്കി എല്ലാ സാധനങ്ങളും ക്യാമ്പിലുള്ള ക്ലോക്ക് റൂമിൽ ഏൽപ്പിച്ചു. രാത്രി ഭക്ഷണത്തിനുശേഷം എല്ലാവരും ഒത്തുകൂടി ക്യാമ്പ് അംഗങ്ങളുടെ പരിചയപ്പെടലും കലാപരിപാടികളും ആയിരുന്നു. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും എത്തിച്ചേർന്ന ആളുകൾ .ഓരോരുത്തരായി

പരിചയപ്പെടുത്തി. പലതരത്തിലുള്ള കലാപരിപാടികൾ അവതരിപ്പിച്ചു. ശരിക്കും പലതരം സംസ്കാരങ്ങളുടെ ഒരു ഒത്തുചേരൽ കൂടിയായിരുന്നു ഇവിടെ...ഒരു വിധം എല്ലാ samsthaa nakka arum ഉണ്ടായിരുന്നു . പലതരം ഭാഷകൾ പലതരം വേഷങ്ങൾ പലതരം കാഴ്ചപ്പാടുകൾ എല്ലാം കൂടി ഒരൊറ്റ ഗ്രൂപ്പായി KK 10. യഥാർത്ഥ പീക്കിലേക്കുള്ള ട്രക്കിങ്ങിന്റെ കാര്യങ്ങൾ ട്രക്ക് ലീഡർ ഒന്നുകൂടി ഓർമ്മിപ്പിച്ച് . എല്ലാവരും ടെന്റുകളിലേക്ക് പോയി. ഇനിയങ്ങോട്ട് വീടുകളോ ഹോട്ടലുകളോ ഇല്ല ടെന്റുകൾ മാത്രം. ഓരോരുത്തരും തങ്ങൾക്ക് കിട്ടിയ ബ്ലാങ്കറ്റ് കൊണ്ട് ശരീരം പുതച്ച് സ്ലീപ്പിങ് ബാഗിനുള്ളിലേക്ക് ഇറങ്ങി കിടന്നു ശരീരം കോച്ചുന്ന തണുപ്പ്... വരും ദിവസങ്ങളെ കുറിച്ച് ഓർത്ത് എപ്പോഴോ ഉറങ്ങിപ്പോയി.



ഹിമാലയം തൊടാൻ പോകുന്ന ത്രില്ലിലാണ് എല്ലാവരും . അങ്ങനെ ട്രക്കിങ്ങിന്റെ നാലാം ദിവസം വരവായി ഇന്നുമുതലാണ് പർവതാരോഹണം തുടങ്ങുന്നത്. രാവിലെ 7 മണിക്ക് തന്നെ പ്രഭാത ഭക്ഷണം കഴിച്ച് ഉച്ച ഭക്ഷണം പാക്ക് ചെയ്ത് എല്ലാവരും റെഡിയായി. കൂട കാ തലാബ് എന്ന സ്ഥലത്തേക്കാണ് ഇന്നത്തെ ട്രക്കിംഗ്. 6450 അടി ഇൽ നിന്നും 9100 അടിയിലേക്ക് മല കയറണം. ഞങ്ങൾ കയറിത്തുടങ്ങി. മരങ്ങൾ നിറഞ്ഞ മലകൾ കയറിയിറങ്ങി ഒരു മണിക്കൂർ ആയപ്പോഴേക്കും മഞ്ഞുമല കളിൽ എത്തിത്തുടങ്ങി. കുറച്ച് ഫോട്ടോസ് എല്ലാം എടുത്ത് കയ്യിൽ കരുതിയ ഡ്രൈ ഫ്രൂട്ട്സ് കഴിച്ച് എല്ലാവരും കുറച്ച് സമയം വിശ്രമിച്ചു. നടക്കുന്ന സമയത്ത് തണുപ്പ് അങ്ങനെ അറിയുന്നില്ല.. എന്നാൽ വിശ്രമിക്കുമ്പോഴേക്ക് തണുപ്പുള്ളിലേക്ക് കയറുകയാണ്. വഴിയിൽ ഒരുപാട് പേരുണ്ടായിരുന്നു മല കയറ്റത്തിന് പല ഗ്രൂപ്പുകളിൽ ആയി. ലഗേജ് എടുക്കാൻ കഴിയാത്തവർക്കായി കുതിരകളുടെ സർവീസ് ഉണ്ടായിരുന്നു. വീണ്ടും നടത്തം തുടങ്ങി ഇടയ്ക്ക് ഉച്ചഭക്ഷണം കഴിച്ചു രണ്ടു മണിക്കൂർ കഴിഞ്ഞപ്പോൾ ആദ്യത്തെ ക്യാമ്പ് ആയ കൂട ക തലാബിൽ എത്തി. ഞങ്ങൾക്ക് വേണ്ടി ടെണ്ടുൽ റെഡിയായിരുന്നു. മഞ്ഞിന് മുകളിലാണ് ടെന്റുകൾ കെട്ടിയിരിക്കുന്നത്. രാത്രി ആയപ്പോഴേക്ക് തണുപ്പ് മൈനസ് 10 ഡിഗ്രിയായി. തെർമൽസ് , ടീഷർട്ട്, ഫ്ലീസ്, ജാക്കറ്റ് എന്നിങ്ങനെ കുറഞ്ഞത് നാല് ലെയർ ഡ്രസ്സും ഇട്ട് മൂന്ന് ജോഡി സോക്സുമായി ബ്ലാങ്കറ്റിൽ പൊതിഞ്ഞ് സ്ലീപ്പിംഗ് ബാഗിലേക്ക് കയറി കിടന്നു. കുറച്ചു കഴിഞ്ഞപ്പോൾ അടിയിൽ നിന്നും തണുപ്പ് വരാൻ തുടങ്ങി. പുറത്ത് മഴ പെയ്യുന്നത് പോലെ ശബ്ദം. ഞങ്ങൾ ഇറങ്ങി നോക്കിയപ്പോൾ മഞ്ഞുവീഴ്ചയാണ്.. ഉറക്കം വന്നില്ല. തണുപ്പിന് ഇത്രയും പ്രശ്നമാണെന്ന് അറിഞ്ഞത് അപ്പോഴാണ്.. കുറേസമയം ഉറങ്ങാതെ കിടന്ന് പിന്നീട് ഉറങ്ങിപ്പോയി. രാവിലെ എഴുന്നേറ്റ് പുറത്തു നോക്കിയപ്പോൾ മുകൾഭാഗം മുഴുവൻ മഞ്ഞു. പ്രഭാതകൃത്യങ്ങളെല്ലാം പേരിന് മാത്രം.. കുളി ഒന്നും ആലോചിക്കാനേ വയ്യ.. രാത്രി വെച്ച വെള്ളമെല്ലാം ഐസ് ആയി. വെള്ളം തൊടാതെ പോലും കഴിയുന്നില്ല. വാഷ്റൂം ഒക്കെ പേരിന് മാത്രം. നമ്മുടെ ആവശ്യങ്ങൾക്ക് വേണ്ടി

വലിയ ഡ്രമ്മിൽ വെച്ചിരിക്കുന്ന വെള്ളം പകുതിയോളം ഐസ് ആയിട്ടുണ്ട്. ഷീറ്റ് കൊണ്ട് മറച്ച ഒരു ടോയ്ലറ്റ്. പേരിന് ഒരു ക്ലോസെറ്റ്..കൂടെ മോഡേടായ ടിഷ്യൂ പേപ്പറും. ചായയൊക്കെ കുടിച്ച് വീണ്ടും മലകയറാൻ തുടങ്ങി അഞ്ചാമത്തെ ദിവസമായ ഇന്ന് കേദാർകാന്തയുടെ ബേസ് ക്യാമ്പ് ആയ ലൂഹാസുവിലേക്ക് ആണ് നടത്തം. ഉയരം 11200 അടി. ഇതുവരെ നടന്ന വഴികളിൽ ഒന്നും ഐസ് ഉണ്ടായിരുന്നില്ല പക്ഷേ ഇനി അങ്ങോട്ട് ഐസിലൂടെയുള്ള വളരെ സാഹസികത നിറഞ്ഞതായിരുന്നു യാത്ര. പൈൻ മരക്കാടുകൾക്കിടയിൽ ചിതറിക്കിടക്കുന്ന മഞ്ഞുപാളികൾ. കുറച്ചു ദൂരെ പോയപ്പോൾ ഗൈഡ് പറഞ്ഞു ഇനി നടത്തം കട്ടിയുള്ള മഞ്ഞുപാളികളിലൂടെയാണ്. നന്നായി ശ്രദ്ധിക്കണം, അല്ലെങ്കിൽ തെന്നി വീഴും. ഇതുവരെ നടന്ന സ്ഥലങ്ങളിൽ വോക്കിങ് സ്റ്റിക്ക് വെക്കുമ്പോൾ കുഴിഞ്ഞു പോകുമായിരുന്നു. പക്ഷേ ഇനിയുള്ള വഴികളിൽ തെന്നി നീങ്ങുന്ന രീതിയിലായിരുന്നു ഐസുകൾ ഉറച്ചുകിടക്കുന്നത്. കുറച്ചുകൂടെ നടന്നപ്പോൾ മുഴുവൻ ഭാഗവും വെള്ള നിറം. മഞ്ഞുമലയിലെ ബേസ് ക്യാമ്പിൽ എത്തി. ഇവിടെ നിന്നും നോക്കിയാൽ നാളെ കയറേണ്ട കേടാർകാന്ത പീക്ക് കാണാം. പഞ്ഞിക്കെട്ട് പോലെ ചുറ്റും മഞ്ഞു മാത്രം.. ഇടയിൽ നമ്മുടെ ടെന്റുകളും വേറെ ഒന്നും കാണാനില്ല. ഇടയ്ക്കിടെ കാണുന്ന പൈൻ മരങ്ങളും പേരറിയാത്ത കുറെ മരങ്ങളും ഉയർന്നു നിൽക്കുന്നുണ്ട്. മനസ്സിനുള്ളിൽ പറഞ്ഞറിയിക്കാൻ കഴിയാത്ത സന്തോഷം ..ചാടിക്കയറി കുറെ ഫോട്ടോസും വീഡിയോസും എല്ലാം എടുത്ത് മഞ്ഞിലൂടെ നടന്നു കളിച്ചു. ഞങ്ങൾ അവസാനം ടെൻ്റിനുള്ളിൽ എത്തി. വൈകുന്നേരം ഏഴുമണിക്ക് തന്നെ ഡിന്നർ കഴിച്ച്



കിടന്നു. ഒരു രക്ഷയുമില്ല തണുപ്പുകൊണ്ട് ഉറങ്ങാൻ വയ്യ. നമ്മുടെ നാട്ടിൽ ചൂടുകൊണ്ട് ഉറങ്ങാൻ വയ്യ എന്ന് നമ്മൾ പറയാറുണ്ട് എങ്കിലും അതൊക്കെ എത്രയോ ഭേദമാണ് ഇവിടെയുള്ള തണുപ്പ് വച്ചുനോക്കുമ്പോൾ. അടുത്ത ദിവസമാണ് നമ്മുടെ സ്വപ്നയാത്ര.. കേദാർ കാന്ഥ പീക്ക് .പുലർച്ചെ രണ്ടുമണിക്ക് തന്നെ മലകയറ്റം തുടങ്ങണം. എങ്കിൽ മാത്രമേ സൂര്യോദയം പീക്കിൽ വച്ച് കാണാൻ കഴിയുകയുള്ളൂ എന്ന് ഗൈഡ് പ്രത്യേകം അറിയിച്ചു. ഒരു മണിക്ക് അലാം സെറ്റ് ചെയ്തു എല്ലാവരും നിദ്രയിലേക്ക്.. ഒരു മണിക്ക് തന്നെ എഴുന്നേറ്റ് ബ്രേക്ക് ഫാസ്റ്റ് കഴിച്ചു... പുഴുങ്ങിയ കോഴിമുട്ടയും നൂഡിൽസും പിന്നെ ചായയും .. കൃത്യം രണ്ടുമണിക്ക് തന്നെ മലകയറ്റം തുടങ്ങി. ഇതുവരെയുള്ളത് പോലെയല്ല ഇനിയങ്ങോട്ട്...ചുറ്റും ഇരുട്ടാണ്. വഴികാണാനായി എല്ലാവർക്കും തലയിൽ കെട്ടുന്ന ടോർച്ച് ഉണ്ടായിരുന്നു. പീക്കിലേക്ക് പോകേണ്ടതിനാൽ നമ്മുടെ ലഗേജ് മുഴുവനും എടുക്കേണ്ട ആവശ്യമില്ല എന്ന് ഗൈഡ് പറഞ്ഞിരുന്നു. അതിനാൽ കയ്യിൽ കരുതിയ ചെറിയൊരു ബാഗിൽ അത്യാവശം കഴിക്കാൻ വേണ്ട കുറച്ച് ഡ്രൈ ഫ്രൂട്ട്സും ചോക്ലേറ്റും വെള്ളവും മാത്രം കരുതി വെച്ചിരുന്നു. കുത്തനെയുള്ള മഞ്ഞുമല കീറിയുള്ള നടത്തം.. നിലവിൽ തിളങ്ങിനിൽക്കുന്ന മഞ്ഞിന്റെ കടൽ ചുറ്റലും ...ഇടയ്ക്കിടെ വലിയ കൊക്കകളുടെ ഓരത്തുകൂടെ സാഹസികമായി കയറ്റം ...ചിലരൊക്കെ മഞ്ഞിൽ തെന്നി വീഴുന്നുണ്ടായിരുന്നു

ഭാഗ്യത്തിന് ഞങ്ങൾ വീണില്ല കുറച്ചു കഴിഞ്ഞപ്പോൾ ഒരു ചെറിയ മക്കാനി കണ്ട്. ചായ, ന്യൂഡിൽസ് ഓംലറ്റ് എല്ലാം ഉണ്ടായിരുന്നു.
കുതിരപ്പുറത്താണ് ഇവിടേക്ക് വേണ്ട സാധനങ്ങളെല്ലാം താഴെ നിന്നും കൊണ്ടുവരുന്നത്.
അതുകൊണ്ടുതന്നെ ന്യൂഡൽസിനും ഓംലെറ്റിനും എല്ലാം മുടിഞ്ഞ

വിലയാണ്. എങ്കിലും തണുപ്പ് താൽക്കാലിക മായി ഒന്ന് ശമിപ്പിക്കാൻ വേണ്ടി ന്യൂഡിൽസും ഓംലെറ്റും ഒക്കെ കഴിച്ചു വീണ്ടും കയറ്റം തന്നെ. ഇപ്പോൾ കേദാർ കാന്ത പീക്ക് വളരെ അടുത്തുത ന്നെ കാണാം. പക്ഷേ എത്ര നടന്നിട്ടും എത്തുന്നില്ല.. കാലുകൾ കുഴയാൻ തുടങ്ങി.. ഒരു പത്തടിവയ്ക്കുമ്പോഴേക്കും ഇരിക്കേണ്ട അവസ്ഥ.. എങ്കിലും മനസ്സിന്റെ ഉള്ളിൽ കേദാർ കാന്താ സമ്മിറ്റ് എന്ന സ്വപ്നം... ലക്ഷ്യം ശക്തമായതിനാൽ ക്ഷീണം എല്ലാം ഉള്ളിൽ ഒതുക്കി കുഴഞ്ഞ കാലുകളുമായി വീണ്ടും യാത്ര മുന്നോട്ടേക്ക് തന്നെ.. പതിമൂന്നായിരത്തി അഞ്ഞൂറടി ഉയരത്തിലാണ് നിൽക്കുന്നത് ... ക അങ്ങനെ കുഴഞ്ഞ കാലുകളുമായി നടന്നുനടന്ന് അവസാനം സൂര്യൻ മഞ്ഞുമലകൾക്കപ്പുറം തലകാണിച്ചു



തുടങ്ങി ..ജീവിതത്തിൽ ഞാൻ കണ്ട ഏറ്റവും മനോഹരമായ കാഴ്ച... ഉദയസൂര്യന്റെ വെളിച്ചത്തിൽ മഞ്ഞു മലകൾക്ക് സ്വർണനിറമായിരുന്നു .ഏറ്റവു ം മുകളിൽ... താഴേക്ക് നോക്കുമ്പോൾ സാഹസികമായി കയറിയ പടവുകൾ... മഞ്ഞപ്പട്ടുനിഞ്ഞ പൈൻ മരങ്ങളുടെ താഴ്വാരം... ഒരിക്കലും മറക്കാനാവാത്ത കാഴ്ച.. അങ്ങനെ സമ്മിറ്റ് പൂർത്തിയായിരിക്കുന്നു... ഉദയസൂര്യനെ കൈകൊണ്ട് തൊടാം എന്നുള്ള ദൂരത്തിലായി നമ്മൾ. നമ്മുടെ ടീം അംഗങ്ങൾ എല്ലാവരും കൂടി അവിടെ ഇന്ത്യയുടെ ദേശീയ പതാക കാറ്റിൽ പറത്തി. ഗ്രൂപ്പ് ഫോട്ടോ എല്ലാം എടുത്ത് ....സന്തോഷം പറഞ്ഞറിയിക്കാൻ വയ്യ.. ഒപ്പം ആത്മവിശ്വാസവും... സഹനത്തിന്റെയും ആഹ്ലാദത്തിന്റെയും ആഘോഷത്തിന്റെയും നിമിഷങ്ങൾക്ക് ശേഷം പടിയിറങ്ങുമ്പോൾ എല്ലാവരുടെയും മുഖത്ത് ഹിമാലയം കീഴടക്കിയതിന്റെ

ചാരിതാർത്ഥ്യം കാണാമായിരുന്നു... സമ്മിറ്റിൽ നമുക്ക് കൂടുതൽ സമയം നിൽക്കാൻ കഴിയില്ല. കാരണം തണുത്ത് വിറച്ച് ശാരീരിക ബുദ്ധിമുട്ടുകൾ വരാൻ സാധ്യതയുണ്ട്. അതുകൊണ്ട് പെട്ടെന്ന് തന്നെ ഇറങ്ങാൻ നിർദ്ദേശം നൽകി. ഒരു അടി നടക്കാൻ വയ്യ എന്ന് തോന്നി... എങ്ങനെ താഴെ എത്തും... ഗൈഡിന്റെ കയ്യിൽ പിടിച്ചതേ ഓർമ്മയുള്ളൂ... സ്ലൈഡ് ചെയ്ത് ഇറങ്ങിയത് എത്ര ദൂരം എന്ന് കണക്കാക്കാൻ കഴിയില്ല. നടന്നും സ്ലൈഡ് ചെയ്ത മൂന്നുമണിക്കൂർ യാത്രയ്ക്ക് ശേഷം തിരിച്ച് ബേസ് ക്യാമ്പിൽ എത്തി. കൈകാലുകൾ കുഴഞ്ഞു ഒരു പരുവത്തിലായി.. ഉള്ളിൽ കയറിയതേ ഓർമ്മയുള്ളൂ ക്ഷീണം കൊണ്ട് ഞങ്ങൾ അഞ്ചു പേരും ഉറങ്ങിപ്പോയി. അടുത്ത ക്യാമ്പിലേക്ക് പോകാനുള്ള സമയമായെന്ന് കൂടെയുള്ളവർ വന്നു വിളിച്ചപ്പോഴാണ് ഞങ്ങൾ ഉണർന്നത്.
ഇന്ന് ഇനി അടുത്ത ക്യാമ്പ് ആയ ആർഗാ ഓണിൽ തങ്ങി പിറ്റേന്ന് സാനക്രി ക്യാമ്പിലേക്ക് മടങ്ങാൻ ആയിരുന്നു പ്ലാൻ. പക്ഷേ മഞ്ഞുവീഴ്ച ഉണ്ടാവാൻ സാധ്യതയുള്ളതിനാൽ മൂന്നാമത്തെ ക്യാമ്പിൽ തങ്ങാതെ അവിടെനിന്നും ചായകുടിച്ച് നേരെ സാങ്ക്രിയിലേക്ക് മടങ്ങി. ആറുമണിക്കൂർ തുടർച്ചയായ

നടത്തം ഏകദേശം 20 കിലോമീറ്റർ. ആർഗാഓൻ ക്യാമ്പിലേക്ക് ഞങ്ങൾ നടന്നു തുടങ്ങിയപ്പോൾ തന്നെ ചെറുതായി മഞ്ഞ വീഴ്ച തുടങ്ങി. ആദ്യാനുഭവം.. വീഡിയോകളിലും ഒക്കെ കണ്ടിട്ടേയുള്ളൂ മഞ്ഞവീഴ്ച ...അനുഭവിച്ചറിയുന്നത് ആദ്യം ..സന്തോഷം പറഞ്ഞറിയിക്കാൻ വയ്യ ..കുറച്ചുകൂടി കഴിഞ്ഞപ്പോൾ നല്ല മഞ്ഞുവീഴ്ച.. എല്ലാവരും മഴക്കോട്ട് ഇട്ടു കൊണ്ടായിരുന്നു പിന്നീടുള്ള ഇറക്കം.. ചുറ്റിലും മഴത്തുള്ളി വീഴുന്നതുപോലെ മഞ്ഞ് വീണുകൊണ്ടിരിക്കുകയാണ്. കയറിയതിനെക്കാളും അതിസാഹസികം ആയിരുന്നു ഇറക്കം. ഒന്നാമതായി കാലുകൾ കുഴഞ്ഞിരിക്കുകയാണ് ശരീരം മുഴുവനും വേദനിക്കുന്നുണ്ട് ..എങ്കിലും ഇറങ്ങാതെ വയ്യ ..രണ്ടാമത് മഞ്ഞു വീണതിനാൽ വഴികളെല്ലാം ചെളികുളമായിരുന്നു ..പതിനായിരക്കണക്കിന് ആളുകളാണ് ദിവസം ഈ വഴികളിലൂടെ നടക്കുന്നത് അതുകൊണ്ടുതന്നെ അതിസാഹസികമായ ആറുമണിക്കൂർ നടത്തത്തിനൊടുവിൽ എട്ടു മണിയോടുകൂടി ഞങ്ങൾ ബേസ് ക്യാമ്പായ സാങ്ക്രിയിൽ തിരിച്ചെത്തി. ചെളിയിൽ മുങ്ങി കറുപ്പ് നിറത്തിലുള്ള ബൂട്ട് ്രബൗൺ നിറമായിരുന്നു ക്യാമ്പിലെത്തിയ ഉടനെ തന്നെ ഷൂ കഴുകലായിരുന്നു വലിയൊരു യജ്ഞം. ഒരുവിധം ചളിയൊക്കെ മാറ്റി നല്ലൊരു കുളിയും പാസാക്കി ഭക്ഷണവും കഴിച്ച് ടെന്റിലേക്ക് നീങ്ങി. ശരിക്കും ക്ഷീണിച്ചു ...കയ്യും കാലും ഒന്നും അനക്കാൻ വയ്യ.. ശരീരമാസകലം വേദന.. പലതരത്തിലുള്ള വേദന കുള്ള ക്രീമുകളും മൂവ് തുടങ്ങി പലതിനെയും ആശ്രയിക്കേണ്ടി വന്നു.. ക്ഷീണം കൊണ്ടായിരിക്കും വളരെ പെട്ടെന്ന് തന്നെ ഉറങ്ങിപ്പോയി. കാഴ്ചകൾ കണ്ട് മതിയായില്ലെങ്കിലും അനുഭവിച്ച് തീർന്നില്ലെങ്കിലും അടുത്തദിവസം സാൻക്രിയോട് വിടപറയേണ്ട ദിവസമാണ്. രാവിലെ 8 മണിക്ക് ഡെറാഡൂണിലേക്ക് ബസ് റെഡിയായി റോഡിൽ ഉണ്ടായിരുന്നു. എല്ലാവരും തങ്ങളുടെ ലഗേജുകളും ആയി ബസ്സിൽ കയറി. രാത്രിയോടുകൂടി ഡെറാഡൂൺ എത്തി. അന്ന് അവിടെ തങ്ങി പിറ്റേന്ന് ഡൽഹിയിലേക്ക് ട്രെയിൻ കയറി രാത്രിയോടുകൂടി നാടുപിടിച്ചു.

മഞ്ഞുമലകൾ താണ്ടിയുള്ള നടത്തവും മൈനസ് ഡിഗ്രി തണുപ്പും രാത്രികാലങ്ങളിലെ ഉറക്കവും എല്ലാം വ്യത്യസ്തമായ അനുഭവങ്ങൾ ആയിരുന്നു.13500 അടി ഉയരത്തിലേക്ക് ട്രക്ക് ചെയ്തപ്പോൾ -18 ഡിഗ്രി തണുപ്പും ശക്തമായ കാറ്റും അതിജീവിച്ച് കേദാർ കാന്താ പിക് പോയിന്റിൽ എത്തിയപ്പോൾ കിട്ടിയ കാഴ്ച.. സന്തോഷം.. ഒന്നും പറഞ്ഞറിയിക്കാൻ വയ്യ... അത്

അതിസാഹസികമായി താണ്ടിയ പ്രതിസന്ധികളെക്കാൾ നൂറുമടങ്ങ് വലുതായിരുന്നു ...മഞ്ഞു മലകൾക്ക് മുകളിൽ സൂര്യൻ കൺമുന്നിൽ ഉദിച്ചുവരുന്നത് കണ്ടപ്പോൾ അനുഭവിച്ച നിമിഷങ്ങൾ ...പ്രയാസങ്ങൾ ഒന്നും തന്നെ വെറുതെയായില്ലെന്ന് മനസ്സിൽ തോന്നി. എന്തെന്നില്ലാത്ത ഒരു ആത്മവിശ്വാസം... ഒരുപാട് നിമിഷങ്ങളിൽ മനസ്സ് തളർന്നു പോയെങ്കിലും കേദാർ കാന്താ പിക് എന്ന ശക്തമായ ലക്ഷ്യം... അത് മുന്നിലുള്ളതിനാൽ പ്രതിസന്ധികളെല്ലാം തന്നെ തരണം ചെയ്തു വളരെ അൽഭുതാവഹമായി പീക്കിൽ എത്തിയ നിമിഷങ്ങൾ ...എത്ര എഴുതിയാലും തീരില്ല.

ട്രക്കിംഗ് ഒരു അനുഭവമാണ്... വലിയ പാഠമാണ് ഓരോ യാത്രയും നമുക്ക് സമ്മാനിക്കുന്നത്. വ്യത്യസ്തമായ കാഴ്ചകളാണ്... അനുഭവങ്ങളാണ്... കഠിന വഴികൾ താണ്ട് ലഭിക്കുന്ന ആനന്ദം. അത് അനുഭവിക്കുക തന്നെ വേണം. നമ്മെക്കുറിച്ചുള്ള ആത്മബോധനങ്ങളെ.. നമ്മുടെ ആത്മവിശ്വാസത്തെ എല്ലാം ഇത് മാറ്റുന്നു... ഒപ്പം ഒരുപാട് സൗഹൃദങ്ങളും .. ഇനി അടുത്ത യാത്രയുടെ പ്ലാനിങ്ങിലേക്ക്.....

# ALBERT EINSTIN

Albert Einstin - (14 march 1879 -18 april 1955 ) was a German - born theoretical physicist.

In 1905, a year sometimes described as his annus mirabilis (miracle year), Einstein published four groundbreaking papers.[13] These outlined a theory of the photoelectric effect, explained Brownian motion, introduced his special theory of relativity—a theory which addressed the inability of classical mechanics to account satisfactorily for the behavior of the electromagnetic field—and demonstrated that if the special theory is correct, mass and energy are equivalent to each other. In 1916, he proposed a general theory of relativity that extended his system of mechanics to incorporate gravitation. A cosmological paper that he published the following year laid out the implications of general relativity for the modeling of the structure and evolution of the universe as a whole.[14][15] The middle part of his career also saw him making important contributions to statistical mechanics and quantum

theory. Especially notable was his work on the quantum physics of radiation, which introduced the idea that light consisted of particles, subsequently called photons.

For much of the last phase of his academic life, Einstein worked on two endeavors that proved ultimately unsuccessful. Firstly, he fought a long rearguard action against quantum theory's introduction of fundamental randomness into science's picture of the world, objecting that "God does not play dice".[16] Secondly, he attempted to devise a unified field theory by generalizing his geometric theory of gravitation to include electromagnetism too. As a result, he became increasingly isolated from the mainstream of modern physics.

Born in the German Empire, Einstein moved to Switzerland in 1895, forsaking his German citizenship (as a subject of the Kingdom of Württemberg)[note 1] the following year. In 1897, at the age of seventeen, he enrolled in the mathematics and physics teaching diploma program at the Swiss Federal polytechnic school in Zürich, graduating in 1900. In 1901, he acquired

Swiss citizenship, which he kept for the rest of his life. In 1903, he secured a permanent position at the Swiss Patent Office in Bern. In 1905, he submitted a successful PhD dissertation to the University of Zurich. In 1914, he moved to Berlin in order to join the Prussian Academy of Sciences and the Humboldt University of Berlin. In 1917, he became director of the Kaiser Wilhelm Institute for Physics; he also became a German citizen again, this time as a subject of the Kingdom of Prussia.[note 1] In 1933, while he was visiting the United States, Adolf Hitler came to power in Germany. Alienated by the policies of the newly elected Nazi government,[17] Einstein decided to remain in the US, and was granted American citizenship in 1940.[18] On the eve of World War II, he endorsed a letter to President Franklin D. Roosevelt alerting him to the potential German nuclear weapons program and recommending that the US begin similar research. Einstein supported the Allies but generally viewed the idea of nuclear weapons with great dismay.[

Nandhana Vijay
9C

# വെളിച്ചം

എന്നത്തേയും പോലെ സൂര്യൻ അന്നും ആ ഗ്രാമത്തെയും ലോകത്തെയും ഉണർത്തി. എത്ര അടിച്ചാലും തീരാത്ത വിശാലമായ മുറ്റമുള്ള തറവാടും നേരത്തെ ഉണർന്നു. നന്നായി കറുത്ത മുടിയുള്ള ആവശ്യത്തിന് തടിയുള്ള ആ പതിനാറുകാരിയുടെ മുഖത്ത് രാവിലെ വൈകുന്നേരം എന്ന ഭാവമൊന്നുമില്ല. രാവിലെ സൂര്യൻ മുകളിലോട്ട് വരുന്നു. വൈകി എതിർ ദിശയിൽ താഴോട്ട് പോവുന്നു.അമ്മ മേശപ്പുറത്തു ഭക്ഷണം വെച്ച് വിളിച്ചു , മോളെ... വന്നു കഴിക്ക്. ആ തറവാട്ടിലെ കാരണവർ ഒരു ചാരുകസേരയിലിരുന്ന് പത്രം വായിക്കുന്നു. അവൾ വന്ന് അത് കഴിച്ച് ബാഗുമെടുത്തു ഇറങ്ങി. നടന്നാണ് അവൾ പോവുന്നത്. മുഖം എപ്പോഴും മൂകമാണ്.കവല വഴി നടക്കുമ്പോൾ പലരും അവളുടെ മുഖത്തേക്ക് അവഗണനയോടെ നോക്കും. അവൾ അതൊന്നും ശ്രദ്ധിക്കാതെ സ്കൂളിലെത്തി. ക്ലാസ്സിൽ കയറിയപ്പോൾ കുട്ടികളെല്ലാം അവളുടെ ബെഞ്ചിൽ നിന്നും മാറിപ്പോയി. അപ്പോൾ അവളുടെ ഉള്ളിൽ പറഞ്ഞറിയിക്കാൻ പറ്റാത്തത്രയും സങ്കടം ഉണ്ടായെങ്കിലും അവൾ കണ്ണുകലങ്ങാതെ ഭാവം മാറാതെയിരുന്നു. സ്കൂൾ വിട്ടതും അവൾ കവല കടന്ന് വിശാലമായ പാടത്തെ നോക്കി അറിയാതെ വിതുമ്പി. അവളുടെ കണ്ണുനീർ കണ്ട ആകാശവും കരഞ്ഞു മഴയായി. അവൾ വേഗത്തിൽ വീട്ടിലേക്കോടി. അവളുടെ വീടിനടുത്തുള്ള ചേച്ചി പിറുപിറുക്കുന്നത് അവൾ കേട്ടു " പെണ്ണായാൽ സമയത്തിന് വീട്ടിൽ കയറണം അല്ലാതെ സ്കൂൾ വിട്ടാൽ കറങ്ങി നടക്കുകയല്ല വേണ്ടത് ". അവൾ ഒന്നും മിണ്ടാതെ കുളിച്ചു മുറിയിലിരുന്നു. അവൾ വിങ്ങി വിങ്ങി കരഞ്ഞു.

അവൾ ചിന്തിച്ചു എല്ലാം അവസാനിക്കുമായിരിക്കും. അവളുടെ അമ്മ അവളുടെ അടുത്ത് വന്ന് ചോദിച്ചു.. എന്ത് പറ്റി മോളെ എന്തിനാ നീ കരയുന്നെ. അവൾ പറഞ്ഞു : എന്തിനാ അമ്മേ എല്ലാവരും എന്നോട്

കൂട്ടുകൂടാതിരിക്കുന്നത് എനിക്കെന്താ കുഴപ്പം??. അവളുടെ അമ്മ അവളെ നെഞ്ചോടു ചേർത്ത്പിടിച്ചു പറഞ്ഞു : സാരമില്ല. ആ അമ്മ അവിടെയുള്ള അവരുടെ ഭർത്താവും താനും മകളും ഒന്നിച്ചുള്ള ഫോട്ടോ കണ്ട് കരഞ്ഞു. അവളുടെ അച്ഛൻ ഒരു ലോറി ഡ്രൈവറായിരുന്നു. നല്ല മനുഷ്യൻ. ഒരു ദിവസം ലോറി കൊക്കയിലേക്ക് മറിഞ്ഞു. അച്ഛനില്ലാത്തവൾ എന്ന് എല്ലാവരും അവളെ വിളിച്ചു. അച്ഛൻ മരിക്കുമ്പോൾ അവൾക്ക് ഒരു വയസ്സേ ഉള്ളു. അന്ന് ആ മകൾ ഒന്നും കഴിച്ചില്ല. പിറ്റേന്ന് അവൾ സ്കൂളിൽ പോവാൻ വിസമ്മതിച്ചു. പക്ഷെ അമ്മയുടെ നിർബന്ധം കാരണം അവൾ പോയി. അമ്മ വീട്ട് ജോലിക്ക് പോയാണ് മകളെ പഠിപ്പിക്കുന്നത്.അവളുടെ അച്ഛച്ചൻ പണിക്ക് പോവാനൊന്നും ആരോഗ്യവുമില്ല. അവൾ ക്ലാസ്സിലെത്തി സ്ഥിരം ഒറ്റക്കിരിക്കുന്ന ബെഞ്ചിൽ ഒരു പുതിയ ബാഗ് കണ്ടു. അവൾ അവിടെ ഇരുന്നു. ബെല്ലടിച്ചപ്പോൾ ഒരു കുട്ടി ആ ബെഞ്ചിൽ വന്നിരുന്നു. അവൾ ഒന്നും മിണ്ടാതെയിരുന്നു. ടീച്ചർ വന്ന് അവളെ എല്ലാവർക്കും പരിചയപ്പെടുത്തി. പുതിയ കുട്ടിയാണ്. കാലി ബെഞ്ച് കണ്ടപ്പോൾ കയറി ഇരുന്നു. പുതിയ കുട്ടി അവളോട് ചോദിച്ചു : ഹായ് ഞാൻ സ്റ്റെല്ല നിന്റെ പേരെന്താ?? അവൾ അമ്പരന്നു. ആദ്യമായാണ് ഒരു കുട്ടി തന്നോട് ഇത്രയും സ്നേഹത്തോടെ സംസാരിക്കുന്നത്. അവൾ പറഞ്ഞു : രേഖ. സ്റ്റെല്ല അവളോട് ദിവസം കഴിയുംതോറും നല്ല സൗഹൃദത്തിലായി. രേഖക്ക് എന്തോ ഒരു പുതിയ ഉണർവായിരുന്നു സ്റ്റെല്ല. പതിയെ രേഖ മനസ്സിലാക്കി തന്നോട് കൂട്ടുകൂടാൻ ഒരാളായെന്ന്. അവൾക്ക് സന്തോഷമായി. മൂകമായവൾ നല്ലവളായി. ഇരുട്ടിൽ നിന്നും പ്രകാശത്തിലെത്തിയതു പോലെ അവൾ അമ്മയോട് കാര്യം പറഞ്ഞു. അമ്മക്ക് വളരെ സന്തോഷമായി. സ്റ്റെല്ല ക്ലാസ്സിലെ കുട്ടികളോട് പറഞ്ഞു.. നിങ്ങൾ എന്തിനാ അവളെ ഇങ്ങനെ അവഗണിക്കുന്നത് അവൾ പാവമാണ്. അവൾക്ക് നമ്മുടെ സാമിപ്യം ആവശ്യമാണ്. പിറ്റേന്ന് രേഖ ക്ലാസ്സിൽ

കയറുമ്പോൾ എല്ലാവരും അവളോട് നല്ലോണം കൂട്ടുകൂടി. രേഖക്ക് സന്തോഷം പറഞ്ഞറിയിക്കുന്നതിലും ഏറെയായി. അവൾ പഠനത്തിൽ മിടുക്കിയായി. ഒറ്റക്കിരിന്നിരുന്ന അവൾ ഇപ്പോൾ എല്ലാവരോടും കൂട്ടായി.

സ്റ്റെല്ല അവൾക്ക് ഒരു പേന നൽകി. ഇത് നീ എടുത്തോ എന്റെ വക. രേഖ സന്തോഷത്തോടെ അത് വാങ്ങി. കവല കഴിഞ്ഞ് പാടത്തേക്ക്  നോക്കി അവൾ പുഞ്ചിരിച്ചു.

സന്ധ്യയായി അവൾ ഭക്ഷണം കഴിച്ച് കിടന്നു. രാത്രിയിൽ അവളൊരു സ്വപ്നം കണ്ടു താൻ വലിയ ആളായി ജോലികിട്ടി അമ്മയെയും അച്ഛനെയും നോക്കുന്നത്. അവൾ ആ സ്വപ്നം ആസ്വദിച്ചു കണ്ടു.

രാവിലെയായി അവൾ സന്തോഷത്തോടെ തന്നെ ഇങ്ങനെയൊക്കെയായതിൽ നന്ദി പറയാനും സ്റ്റെല്ലക്ക് ഒരു സമ്മാനം കൊടുക്കാനും സ്കൂളിലെത്തി. പക്ഷെ അവളുടെ ബാഗ് കാണുന്നില്ല. കൈയിലെ മിട്ടായി പൊതി നിലത്തു വീണു. അവൾ കൂട്ടുകാരിയോട് ചോദിച്ചു സ്റ്റെല്ല എവിടെയാണ്. അവൾ പറഞ്ഞു.. അവൾ സ്കൂൾ മാറിപ്പോയി എന്ന്. അവൾ കരഞ്ഞു. കൂട്ടുകാരികൾ അവളെ സമാധാനിപ്പിച്ചു. വൈകുന്നേരം പാടത്തേക്ക് നോക്കി അവൾ ചിന്തിച്ചു. ആരാണവൾ?? എന്നെ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ട് വന്ന ദൈവമാണോ??

ആഴക്കടലിൽ അസ്തമിക്കാൻ പോകുന്ന സൂര്യന് ചുറ്റുമുള്ള മേഘശകലങ്ങൾക്കിടയിലൂടെ സ്റ്റെല്ല എത്തി നോക്കി. അവൾ തിരിഞ്ഞപ്പോൾ ആകാശത്തൊന്നുമില്ല. അവൾ സൂര്യൻ മറയും മുമ്പ് വീട്ടിലേക്ക് നടന്നു. അവൾ ഉറങ്ങുമ്പോൾ ചിന്തിച്ചു. ഇനി ഞാൻ ഏകയല്ല എനിക്കെല്ലാരുമുണ്ട് എല്ലാം നല്ലതാണ്. എല്ലാവരും നല്ലവരാണ്. എന്നെ ഞാനാക്കാൻ ദൈവം അയച്ച അവതാരമാണ് അവൾ.

ജനലിലൂടെ ചന്ദ്രൻ അവളെ നോക്കി ചിരിച്ചു കൊണ്ടിരുന്നു.

ലെജു എം ടി

8എഫ്

# JUNGLE BOOK

"The Jungle Book" is a collection of stories written by the British author Rudyard Kipling. Published in 1894, the book is a classic of children's literature and has been adapted into numerous films, TV shows, and theatrical productions.

The stories in "The Jungle Book" are set in the jungles of India and revolve around a young boy named Mowgli. Mowgli is an abandoned human child who is raised by a pack of wolves, led by Akela, and becomes a part of the jungle community. Throughout the stories, Mowgli encounters various animal characters who become his friends, mentors, or adversaries.

The main conflict in the book stems from Mowgli's identity as a human in the animal world. He must navigate the complexities of the jungle, learning its laws, customs, and survival skills. Mowgli is taught the ways of the jungle by Baloo, a wise and gentle bear who becomes his teacher, and Bagheera, a sleek and cunning black panther who becomes his protector.

However, not all animals in the jungle are friendly towards Mowgli. He faces threats from Shere Khan, a ferocious Bengal tiger who harbors a deep hatred for humans. Mowgli's encounters with Shere Khan, as well as other dangers and adventures, form the basis of many of the stories in "The Jungle Book."

Alongside Mowgli's story, the book also includes separate tales about other animal characters. These stories explore themes of friendship, loyalty, bravery, and the balance between civilization and the natural world. Some notable animal characters include Rikki-Tikki-Tavi, a brave mongoose who protects a family from venomous snakes, and Hathi, a wise and powerful elephant who leads a group called the "Peace Rock" during times of conflict.

"The Jungle Book" offers readers a glimpse into the animal kingdom and the intricate relationships between humans and animals. It explores the concept of identity, the challenges of growing up, and the importance of community and belonging. The stories often convey moral lessons and highlight the value of courage, compassion, and understanding.

Overall, "The Jungle Book" is a captivating collection of stories that continues to entertain and inspire readers of all ages with its vivid depiction of the jungle and its inhabitants, its memorable characters, and its timeless themes.

Amani Ameen

# ശൂന്യതയിൽ നിന്ന്

"അമ്മേ.... അമ്മേ...."സ്കൂൾ കഴിഞ്ഞ് വന്ന് സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റെയും സ്വരത്തിൽ തന്നെ വിളിക്കുന്ന മകളുടെ അടുത്തേക്ക് അടുക്കളയിലെ തിരക്കിട്ട ജോലികൾ നിറുത്തി വച്ച് അമ്മ ഓടി വന്നു.

"അമ്മേ... എനിക്ക് സ്കൂളിൽ ലളിതഗാന മത്സരത്തിന് ഒന്നാം സ്ഥാനം കിട്ടി ".

"ആണോ... മോൾ വിജയിക്കുമെന്ന് അമ്മക്ക് ഉറപ്പായിരുന്നു നീ മിടുക്കിയല്ലേ....".

അമ്മ സന്തോഷത്തോടെ അവളുടെ കവിളിൽ ഒരു ഉമ്മ നൽകി. ഈ സംഭാഷണം കേട്ട് വന്ന അച്ഛനും അവളെ ആശംസകളാൽ പൊതിഞ്ഞു.

"നീ ഞങ്ങളുടെ പൊന്ന് മോളല്ലേ... ഇനി ഞങ്ങ ളി ല്ലാത്ത ഒരു കാലം വന്നാലും നീ നിന്റെ ലക്ഷ്യ ങ്ങൾ നേടി എടുത്തു കരുത്തോടെ മുന്നോട്ട് പോകുമെന്ന് ഞങ്ങൾക്കുറപ്പാണ്. അല്ലെ സുമതി...?"

" അതെ "...

കാറ്റിന്റെ ശക്തിയാൽ വാതിൽ പെട്ടെന്ന് ശക്തിയോടെ അടഞ്ഞു. ഒരു വലിയ പാറക്കല്ല് ദേഹത്തേയ്ക്ക് വീയുമ്പോയുണ്ടാകുന്ന പേടിയും ഞെട്ടലും അവളിലുണ്ടായി. സന്തോഷകരമായ സ്വപ്നത്തിൽ നിന്ന് ഭയാനകരമായ ആ യഥാർഥ്യത്തിലേക്ക് അവളുടെ ചിന്തകൾ മടങ്ങിയെത്തി. ഇപ്പോൾ ആ വീട് ശുന്യമാണ്. അച്ഛന്റെ സ്നേഹവും അമ്മയുടെ വാത്സല്യവും അലതല്ലിയിരുന്ന ആ വീട്ടിൽ അവൾ ഇന്ന് ഒറ്റക്കാണ്. ആ കുടുംബത്തിൽ ഉണ്ടായിരുന്ന സ്നേഹബന്ധത്തിന്റെ പ്രതീകമായി നിലനിന്നിരുന്ന റോസാചെടികളും റോസപ്പോവും വാടിയുണ ങ്ങിയിരിക്കുന്നു. അമ്മയുടെ കരുതലും അച്ഛന്റെ പിൻബലവുമില്ലാ ത്ത ആ വീട്ടിൽ ഒറ്റയ്ക്കായിരുന്ന അവളെ ഓർമ്മകൾ വീണ്ടും വീണ്ടും പേടിപ്പെടുത്തി. മൂന്ന് ദിവസങ്ങൾക്ക് മുമ്പ് റോഡിൽ വച്ചുണ്ടായ ഒരു കാർ അപകടത്തിൽ അവളുടെ അച്ഛനും അമ്മയും അവളെ തനിച്ചാക്കിപ്പോയിരുന്നു. തന്റെ

തൂണുകളായി നിന്ന രണ്ട് വ്യക്തികളുടെ ചോരവാർന്ന് ജീവനറ്റ് കിടക്കുന്ന ആ ദൃശ്യം അവളിൽ ഉണ്ടാക്കിയ ആഘാതം എത്രത്തോളമുണ്ടെന്ന് ഒറ്റയ്ക്കിരിക്കുന്ന മൗനത്തിലാണ്ടുപോയ ആ പെൺകുട്ടിയുടെ കണ്ണുകൾ വ്യക്തമാക്കുന്നു. ഒറ്റപെടലിന്റെയും ശൂന്യതയുടെയും അനന്തതയിലേക്ക് ആ പെൺകുട്ടിയുടെ മങ്ങലേ ക്കാത്ത ഓർമ്മകൾ ഒരു കോണിൽ നിന്നും പെട്ടെന്ന് ചില വാക്കുകൾ പുറത്തേയ്ക്ക് വന്നു.

" നീ ഞങ്ങളുടെ പൊന്ന് മോളല്ലേ... ഇനി ഞങ്ങളില്ലാത്ത ഒരു കാലം വന്നാലും നീ നിന്റെ ലക്ഷ്യങ്ങൾ നേടിയെടുത്ത് കരുത്തോടെ മുന്നോട്ട് പോകുമെന്ന് ഞങ്ങൾക്ക് ഉറപ്പാണ്".

പെട്ടെന്ന് അവളുടെ കണ്ണിൽ നിന്നും ലാവയേക്കാൾ ചൂള്ള കണ്ണുനീർ ഒലിച്ചിറങ്ങി അവൾ മനസ്സിൽ പറഞ്ഞു.

"അമ്മേ... അച്ഛാ..."ആ വാക്കുകൾ അവൾ ചുണ്ടുകളിലൂടെ ഉരുവിട്ടിരുന്നെങ്കിൽ നിശ്ചയദാർഢ്യത്തിന്റെ കരുതിന്റെ തന്റേടത്തിന്റെ ആ ശബ്ദങ്ങൾക്ക് ഈ ഭൂമിയെ വിറയിപ്പിക്കാൻ കഴിയുന്നത്ര ശക്തി ഉണ്ടായിരുന്നേനെ....

ഫാത്തിമ നിദ കെ ടി

10C

# A precious treasure

*In the realm of knowledge, she stands tall,*
*A beacon of guidance, my teacher, my all.*
*With wisdom and grace, she showed me the way,*
*Nurturing my dreams, each and every day.*


*Through the trials I faced, she never let me fall,*
*Beside me she stood, a pillar strong and tall.*
*Her words were a balm, when my heart felt weak,*
*A motherly love, tender, yet unique.*

*In my darkest hours, she brought forth the light,*
*Unyielding support, a beacon burning bright.*
*She saw through my flaws, forgave all my wrongs,*
*Taught me the values that in my heart belong.*

*Her dedication relentless, her faith unwavering,*
*She believed in my potential, my dreams, and all I'm capable of achieving.*
*I owe her my growth, my resilience, and more,*
*For she molded my character, right to the core.*

*A teacher, a mentor, a mother so dear,*
*Her impact on my life, forever I'll hold near.*
*In gratitude, I honor the love she bestowed,*
*For she shaped my journey, and helped me to grow.*

*Dedicated to my dearest Asifa mam who helped me to grow high , who motivated me , inspired me..*
*You stood always by my side and you are a real life heroine*



- ( Amani Ameen VP)

# MY EXPERIENCE

I was excited and joyful to go to the Little Kites camp because I had heard many great things from the previous students. And I was also scared that I would make any mistakes and be embarrassed.
But it wasn't anything like I expected. I thought all he teachers would be boring and strict but they were so cool and good. They were Ashraf sir from MJ higher secondary school and Sir Musthafa from Pannur HSS. Even though I didn't know anything about them, before the camp was over I learned a lot of things from them like their personal life and personality. The camp was alive and everyone was interested including me. First they divided us into groups and we were actually competing with each other till the end of the camp. They had many tasks and the team who has the most points by the end wins the game. Before the first task there was an introduction section where everyone of us got to introduce ourselves. It was very amusing because we got to know each other. But after the first task I got all worked up and tired.. They served us tea and biscuits which boosted up my energy. We all enjoyed the break and then came the second task which was about scratch. Even tho I knew about scratch, I was able to learn many more new things about it from the camp. They also let us play a game they had made for us. Then they taught us basic knowledge we should have about projectors. Now I'm just sad that the camp was of just one day. It was real fun and amazing, and I hope we get more camps like this in the future.

IJU ZAMEEL

9C

# ELECTRONIC DEVICE

A computer is an electronic device which can perform many tasks like messaging, calculations, data storage, printing, etc. Computers were develo- ped in the 1940s.



The Internet is the computer network which allows computer users to connect with other computers world over, and it facilitates e-mail, exchanging live videos, etc. Computer is a very helpful device. We can learn many new things through Internet and can also do our work easily and quickly on computer.

We should not overuse computer. It can adversely effect our health. Computers are there to help us, we should not misuse them by only playing games or chatting or surfing Internet

Mina Fathima

9C

# CHARLES BABBAGE



Charles babbage was born on december 26, 1791 in london, england.He was the son of benjamin babbage and batsy plumleigh teape.He is known as the" father of the computer" for his work on designing the analytical engine.Charles babbage was a founding member of the british association for the advancement of science.

Sir charles babbage was an english mathematician, analytical philosopher,mechanical engineer and computer scientist.

"He was the first person to invent the ideas of a computer that could be programmed".Unfinished parts of his mechanisms are on display in the london science museum.

As a youth babbage was his own instructor in algebra,of which he was passionately fond, and was well read in the continental mathematics of his day."HE IS ENTITILED AS THE FATHER OF THE COMPUTER"

Aysha Thanha 9D

# KALAM



***AVUL PAKIR JAINULABDEEN*** born on october 15 1931, at Rameshwarm TamilNadu . He was an indain aerospacde scientist and statesman who served as the 11th president of india from 2002 to 2007.He studied physics and aerospace engineeriing .He thus came to be known as the Missile man of India.After graduating from the madras institute of technology in 1960, kalam joined the aeronautical development establishment of the defence research and development organisation.He died on 27 jully 2015.

# അഭിമുഖം



## സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയും അമേരിക്കയിലെ പ്രശസ്ത ശാസ്ത്രജ്ഞനുമായ ബാലൻ ചെനേര സാറുമായി ലിറ്റിൽ കൈറ്റ്സ് കുട്ടികൾ നടത്തിയ അഭിമുഖം

1. സാറിൻറെ കുട്ടിക്കാലത്തെ കുറിച്ചുള്ള ഓർമ്മകൾ എന്തൊക്കെയാണ് ? അത് സാറിൻറെ ഉയർച്ചയിൽ എന്തൊക്കെ സംഭാവന കൾ നൽകി?

വെണ്ണക്കാട് സ്കൂളിലാണ് പഠിച്ചത് . ക്ലാസുകളിലെ അധ്യാപകരോടൊത്തുള്ള പലഅനുഭവങ്ങളും എനിക്ക് പ്രചോദനം നൽകിയിട്ടുണ്ട്.

2. സാറ് നാസയിൽ പോയിട്ടുണ്ടോ ?

നാസയിൽ പോവാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്.

3. എ.പി. ജെ – യെ കണ്ടിട്ടുണ്ടോ?

ഇല്ല. നേരിട്ട് കാണാൻ അവസരം ലഭിച്ചിട്ടില്ല.

4. സാർ പുസ്തകങ്ങൾ ഏതെങ്കിലും എഴുതിയിട്ടുണ്ടോ?



